# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക


2025 മാർച്ച് 13 | ദീപം 58 | നാളം 2 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


## കേരളമേ!

# നല്ലവരാകേണ്ട നിന്റെ മക്കൾ എങ്ങനെ കൊല്ലുന്നവരായി?




സിൽജി ജെ ടോം

നമ്മുടെ കുട്ടികളുടെ സ്കൂൾ മുറ്റങ്ങളിലേക്ക്, അവരുടെ സൗഹൃദയിടങ്ങളിലേക്ക് പകയുടെയും വിദ്വേഷത്തിന്റെയും കനലെരിയിച്ചും ചോരയുടെ ചുവപ്പു വീഴ്ത്തിയും കളിചിരികളെ തല്ലിക്കെടുത്തി, അവരെ കൊലപാതകികളാക്കുന്നതാരാണ്? ഒരു നല്ല നാളെയെക്കുറിച്ചുള്ള പ്രതീക്ഷകൾ ഇതൾവിടർത്തുന്ന പാഠപുസ്തകങ്ങൾക്കും പരസ്പര സ്നേഹത്തിൽ കൊരുക്കേണ്ട നിഷ്കളങ്കസ്നേഹത്തിനും പകരം അവർ എന്നുമുതൽക്കാണ് സ്കൂളുകളിലേക്കു നഞ്ചക്കുപോലുള്ള ആയുധങ്ങളുമായി കടന്നുചെന്ന് പരസ്പരം തല്ലിക്കൊല്ലാനിറങ്ങിയത്? നമ്മുടെ കുട്ടികളെ മനസ്സിലാക്കാൻ ശ്രമിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

കുട്ടികൾക്കു നല്ല മാതൃകകൾ പകരാൻ നമ്മുടെ സമൂഹത്തിനാകുന്നില്ല. വിദ്യാർഥികൾ തമ്മിലുള്ള സംഘർഷവും കൂട്ടുകാർക്കെതിരായ മർദനങ്ങളും ആവർത്തിക്കുമ്പോഴും അതിരുവിടുമ്പോഴും 'അരുത്' എന്നു വിലക്കാൻ നമ്മുടെ അധ്യാപകർക്കു കഴിയുന്നില്ല. സ്നേഹത്തിൽപൊതിഞ്ഞ ശാസനകളിലൂടെ അവരെ നേർവഴിക്കു നടത്താനും അവരുടെ മനസ്സുകളിലേക്കു നന്മയുടെ പാഠങ്ങളുമായി കടന്നുകയറാനും എന്തുകൊണ്ടാണ് നമ്മുടെ അധ്യാപകർക്കു കഴിയാതെ പോകുന്നത്? കുട്ടികളെ സ്നേഹിച്ചു വഷളാക്കുന്ന മാതാപിതാക്കളും ഇതിൽ ഉത്തരവാദികൾതന്നെ. സമൂഹമനഃസാക്ഷിയെ ഞെട്ടിക്കുന്നവിധം നമ്മുടെ കൗമാരം അധഃപതിച്ചെങ്കിൽ, അവരുടെ പ്രശ്നങ്ങൾ ആഴത്തിൽ പഠിച്ച് അവയ്ക്കു പരിഹാരം കണ്ടെത്തിയില്ലെങ്കിൽ ഇപ്പോഴത്തെ നിലയിൽ നമ്മുടെ കുട്ടികളെ നമുക്കു നഷ്ടപ്പെടുമെന്നുറപ്പാണ്.

നന്മയുടെയും സ്നേഹത്തിന്റെയും പാഠങ്ങൾ പഠിക്കേണ്ട ക്ലാസ്മുറികളെ ഇന്ന് ആയുധങ്ങളും ലഹരിയും കീഴടക്കിയിരിക്കുന്നു. ലഹരിയിലമർന്ന സമൂഹത്തിന്റെ ചെറിയൊരു പതിപ്പായി നമ്മുടെ കുട്ടികൾ മാറിയിരിക്കുന്നു. നമ്മുടെ ചില കുട്ടികളുടെ കൊലവിളികളും വെല്ലുവിളികളും സമൂഹത്തെ ഞെട്ടിക്കുന്നതാണ്. മനുഷ്യത്വം നഷ്ടമായ ഈ തലമുറ ഭാവിയെക്കുറിച്ച് എന്തു പ്രതീക്ഷയാണു നൽകുന്നതെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. അക്രമങ്ങളും തമ്മിൽത്തല്ലും ക്ലാസ് മുറികളിൽപ്പോലും നടമാടുന്നു. അധ്യാപകരെ വെല്ലുവിളിക്കുകയും കൈയേറ്റം ചെയ്യുകയും ചെയ്യുന്ന കുട്ടികൾ ഈ നാടിന്റെ വഴിപിഴച്ച പോക്കിന്റെ നേർച്ചിത്രമാണ്. ഈ കുട്ടികളിലേക്ക് എങ്ങനെ സ്നേഹം പകർന്നുകൊടുക്കാമെന്നു ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

കഴിഞ്ഞദിവസം കൂട്ടുകാരാൽ കൊല്ലപ്പെട്ട ഷഹബാസ് എന്ന വിദ്യാർഥിക്കുനേർക്ക് മർദനമേൽക്കുന്നതിനുമുമ്പും അതിനുശേഷവും കുട്ടികൾ സമൂഹമാധ്യമങ്ങളിൽ നടത്തിയ കൊലവിളികളെക്കുറിച്ചുകേട്ട വിവരങ്ങൾ ഞെട്ടിക്കുന്നതാണ്. 'ഷഹബാസിനെ ഞാൻ കൊല്ലും എന്നു പറഞ്ഞാൽ കൊല്ലും' എന്ന് കൊലവിളി നടത്തുന്ന ഒരു വിദ്യാർഥി! ലജ്ജിക്കുക കേരളമേ, ലജ്ജിക്കുക! മാനവികതയുടെയും മൂല്യങ്ങളുടെയും വിളനിലമെന്നു വിശേഷിപ്പിക്കപ്പെടുന്ന കേരളനാട്ടിൽ ജനിച്ചു വളർന്ന ഈ കുട്ടിയുടെ മനസ്സിലേക്ക് എന്തു മാനവികതയുടെ സന്ദേശമാണ് ഈ നാടിനു പകർന്നുകൊടുക്കാനായത് എന്നോർക്കുമ്പോൾ ഹൃദയം നിറയെ വേദനയുണ്ട്.

പാലക്കാട് ജില്ലയിൽ സ്വകാര്യ ഐ.ടി.ഐ. വിദ്യാർഥിയുടെ മൂക്ക് പരിക്കേറ്റു തകർന്ന സംഭവം, മലപ്പുറംജില്ലയിൽ സഹപാഠിയുടെ കത്തിക്കുത്തേറ്റ പതിനാറുകാരൻ, എറണാകുളത്ത് സഹപാഠികളിൽനിന്നേറ്റ ശാരീരിക, മാനസികപീഡനങ്ങൾ സഹിക്കാനാവാതെ ജീവനൊടുക്കിയ ഒമ്പതാംക്ലാസുകാരൻ തുടങ്ങിയവരൊക്കെ വിദ്യാർഥികൾക്കിടയിൽ വർധിച്ചുവരുന്ന അക്രമസംഭവങ്ങളുടെ ഇരകളാണ്. സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന ക്രിമിനൽ ചിന്താഗതിയുടെ ഭാഗമായി ഈ അക്രമവാസനയെ കാണാമെങ്കിലും കേരളത്തിലെ കുട്ടികൾ വല്ലാത്തൊരു മാനസികാവസ്ഥയിലൂടെയാണു കടന്നുപോകുന്നതെന്ന് ഇത്തരം സംഭവങ്ങൾ ഓർമിപ്പിക്കുന്നു.

കേരളം, മയക്കുമരുന്ന് മാഫിയകളുടെ ഇഷ്ടതാവളമായി മാറിക്കൊണ്ടിരിക്കുകയാണ്. കഞ്ചാവിന്റെ കാലം കഴിഞ്ഞ് സംസ്ഥാനത്ത് ഇന്ന് രാസലഹരികൾ ഒഴുകുകയാണ്. വെളിച്ചത്തിനുമുന്നിൽ വന്ന് എരിഞ്ഞടങ്ങുന്ന ഈയാംപാറ്റകളെപ്പോലെ നമ്മുടെ യുവതലമുറ ലഹരിക്കുമുന്നിൽ എരിഞ്ഞടങ്ങുന്നു. കഞ്ചാവും അനുബന്ധലഹരികളും അപ്രസക്തമായി, പകരം അതിമാരകമായ രാസലഹരിയാണ് ഇന്ന് കേരളത്തിലെ യുവാക്കളെ കീഴടക്കുന്നത്. ഗോവ, കർണാടക തുടങ്ങിയ അയൽസംസ്ഥാനങ്ങളിൽനിന്ന് വലിയ അളവിൽ മയക്കുമരുന്ന് ഒഴുകിയെത്തുന്നു. സിന്തറ്റിക് മയക്കുമരുന്നുകളുടെ വ്യാപനം പണ്ട് നഗരങ്ങളിലായിരുന്നുവെങ്കിൽ, ഇന്ന് ഗ്രാമപ്രദേശങ്ങളിലും ഇവ സുലഭമാണ്.

ഒഡീഷയിൽനിന്നെത്തിച്ച രണ്ടു കോടി രൂപ വിലവരുന്ന രണ്ടു കിലോ ഹാഷിഷ് ഓയിലുമായി രണ്ടുപേരെ തൃശൂരിൽ നിന്നു പിടിച്ചത് കഴിഞ്ഞ ദിവസമാണ്. എംഡിഎംഎയും കഞ്ചാവുമായി യുവാവിനെ ശാസ്താംകോട്ടയിൽ സ്വന്തം വീടിനടുത്തുനിന്നു പിടിച്ചിട്ടും ദിവസങ്ങളേ ആയുള്ളൂ. അതേദിവസംതന്നെ, വാളയാർ എക്സൈസ് ചെക്ക്പോസ്റ്റിൽ ഇരുനൂറു മയക്കുമരുന്നുഗുളികകളുമായി തമിഴ്നാട് സ്വദേശിയെ അറസ്റ്റു ചെയ്തു. കായംകുളത്ത് അഞ്ചു കിലോ കഞ്ചാവുമായി യുവാവിനെ ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡ് പിടിച്ചതും ഫെബ്രുവരി അവസാനമാണ്. അന്നുതന്നെ 20 ലക്ഷം രൂപ വിലവരുന്ന 550 ഗ്രാം എംഡിഎംഎയുമായി കൊണ്ടോട്ടിയിൽ യുവാവ് പിടിയിലായി. കോഴിക്കോട് നഗരത്തിൽ എംഡിഎംഎ വിൽക്കുന്ന രണ്ടു പേരെ പിടിച്ചതും ഇക്കഴിഞ്ഞ നാളിലാണ്. ഇത് അടുത്തദിവസങ്ങളിലെ ഏതാനും ചില കേസുകളുടെ കാര്യംമാത്രമാണ്.

കൊച്ചിയിൽ ലഹരിക്കടിമയായ ഒരു ഒമ്പതാം ക്ലാസ്സുകാരൻ സ്വന്തം സഹോദരിയെ പീഡിപ്പിച്ചുവെന്നത് ഇതെഴുതുമ്പോൾ കേട്ട ഏറ്റവും പുതിയ വാർത്തയാണ്.

2024 ൽ ഡിസംബർ 18 വരെ 7,830 എൻഡിപിഎസ് (നാർകോട്ടിക് ഡ്രഗ്സ് ആൻഡ് സൈകോട്രോപിക് സബ്സ്റ്റൻസ് ആക്ട്) കേസുകളാണ് എക്സൈസ് വകുപ്പിന്റെ കണക്കുപ്രകാരം രജിസ്റ്റർ ചെയ്തത്. 7,691.53 ഗ്രാം ഹാഷിഷ് ഓയിൽ, 12,590.15 ഗ്രാം കഞ്ചാവ്, 39.075 ഗ്രാം ചരസ് 3,263.95 ഗ്രാം എംഡിഎംഎ എന്നിവ 2024 ൽ പിടികൂടി. 2016 മുതൽ 2022 വരെയുള്ള കണക്കനുസരിച്ച്, ലഹരിക്കേസുകളിൽ സംസ്ഥാനത്ത് 360 ശതമാനം വർധനയുണ്ടായി. മയക്കുമരുന്നു കഴിച്ചവർക്ക് ആരെയും കൊല്ലാൻ മടിയില്ലാതായി. മയക്കുമരുന്നു കഴിച്ചവർ എന്തു ചെയ്താലും പ്രതികരിക്കാൻ ജനത്തിനും പൊലീസിനും ഭയമാണ്.


▶ 12

# ക്രിസ്തുമതത്തിന്റെ ശക്തനായ സംരക്ഷകൻ

**നിഖ്യാസൂനഹദോസിന്റെ 1700-ാം വർഷം പ്രമാണിച്ച് നിഖ്യാസൂനഹദോസിനെയും നിഖ്യാവിശ്വാസപ്രമാണത്തെയുംകുറിച്ചുള്ള ഒരു പഠനപരമ്പര**



ഫാ. ഡോ. ജയിംസ് പുലിയുറുമ്പിൽ

**9**

**റോ**മൻസാമ്രാജ്യത്തിന്റെ പരമാധികാരം തന്നിൽ നിക്ഷിപ്തമായ ഉടനെ, ക്രിസ്തുമതത്തെ ബഹുമാനിക്കാനും സത്യദൈവത്തെ ശ്രദ്ധാപൂർവ്വം ആരാധിക്കാനും അവനെ മാത്രം പരമസത്തയായി അംഗീകരിക്കാനും കല്പിച്ചുകൊണ്ട് കോൺസ്റ്റന്റൈൻ ഒരു ഡിക്രി പുറപ്പെടുവിച്ചു: "ആ ദിവ്യസത്ത മാത്രം സത്യമായും ആരാധ്യമാണ്. അതുമാത്രം എന്നേക്കുമായി നന്മകൾ നൽകുന്നതിൽ അവൻ സന്തോഷിക്കുന്നു. അവരുടെ പ്രവർത്തനങ്ങളെ അവൻ ഫലമണിയിക്കുന്നു. എന്നാൽ, നിയമലംഘകരുടെമേൽ യുദ്ധകാലത്തും സമാധാനകാലത്തും, രഹസ്യജീവിതത്തിലും പരസ്യജീവിതത്തിലും അനർഥങ്ങൾ നിപതിക്കുന്നു." കോൺസ്റ്റന്റൈൻ ഇതും കൂട്ടിച്ചേർത്തു: "ഭരിക്കാൻ യോഗ്യനായ ഉത്തമദാസനായി തന്നെ ദൈവം കണ്ടതിനാൽ, ബ്രിട്ടീഷ് കടലിൽനിന്ന് പൗരസ്ത്യപ്രൊവിൻസുകളിലേക്കു തന്നെ ആനയിച്ചു. ക്രിസ്തീയമതം വർധമാനമാകുന്നതിനും സത്യദൈവാരാധന നിമിത്തം പീഡനങ്ങൾക്കും രക്തസാക്ഷിത്വത്തിനും വിധേയരായെങ്കിലും, ഉറച്ചുനിന്നവർ പരസ്യമായി ബഹുമാനിക്കപ്പെടുന്നതിനും വേണ്ടിയായിരുന്നിത്."

ഈ പ്രസ്താവനകൾക്കുശേഷം, തന്റെ പ്രജകൾ ഇതിലേക്ക് ആകൃഷ്ടരാകാനായി അദ്ദേഹം അനേകം വിശദാംശങ്ങളിലേക്കു കടന്നു. ക്രിസ്തീയസഭയ്ക്കെതിരേ മതപീഡകർ പുറപ്പെടുവിച്ച സർവഡിക്രികളും വിധികളും പിൻവലിക്കാൻ അദ്ദേഹം കല്പിച്ചു. ക്രിസ്തുവിനെ ഏറ്റുപറഞ്ഞതു നിമിത്തം തങ്ങളുടെ ഇച്ഛയ്ക്കെതിരായി ദ്വീപുകളിലേക്കോ മറ്റിടങ്ങളിലേക്കോ നാടുകടത്തപ്പെട്ടവരെയും ഖനികളിൽ ജോലി ചെയ്യുന്നതിനും പൊതുപണികൾക്കും അന്തഃപുരസേവയ്ക്കും അലക്കിനും വിധിക്കപ്പെട്ടവരെയും പൊതുജോലിക്കായി നിശ്ചയിക്കപ്പെട്ടവരെയും സ്വതന്ത്രരാക്കണമെന്നു കല്പിച്ചു. നിന്ദ്യരെന്നു വിധിക്കപ്പെട്ടവരുടെ നിന്ദനം നീക്കിക്കളഞ്ഞു. സൈന്യത്തിലെ ഉന്നതശ്രേണിയിൽനിന്നു നീക്കപ്പെട്ടവർക്ക് ഒന്നുകിൽ ആ സ്ഥാനത്തു തിരിച്ചെത്താം അല്ലെങ്കിൽ തങ്ങളുടെ ഇഷ്ടമനുസരിച്ചു മാന്യമായ തുകയോടുകൂടെ ജീവിതം തുടരാം. നേരത്തേ ഓരോരുത്തർക്കും ഉണ്ടായിരുന്ന ബഹുമാനസ്ഥാനത്തോടുകൂടി സ്വതന്ത്രാവസ്ഥയിലേക്കു തിരികെപ്പോകാൻ അനുവദിച്ചു. അതുപോലെ അവർക്കുള്ള വസ്തുവകകൾ തിരികെനൽകി. കൊല്ലപ്പെട്ടവരുടെ കണ്ടുകെട്ടപ്പെട്ട വസ്തുവകകൾ അടുത്ത ബന്ധുക്കൾക്കോ ബന്ധുക്കൾ ഇല്ലെങ്കിൽ സ്ഥലത്തെ പള്ളിക്കോ നൽകണമെന്നു കല്പനയിറക്കി. ആരുടെയെങ്കിലും കൈവശം ഇത്തരം വസ്തുവകകൾ എത്തിച്ചേർന്ന് പൊതുവകയോ വ്യക്തികളുടെവകയോ ആയിത്തീർന്നെങ്കിൽ, അവ തിരിച്ചുനൽകണമെന്നും അദ്ദേഹം കല്പിച്ചു.

അതുപോലെ സർക്കാർഖജനാവ് വാങ്ങിയവയോ ദാനമായി ലഭിച്ചവയോ ആയ വസ്തുവകകൾക്ക് ഉചിതമായും സാധ്യമാംവിധവും പരിഹാരം ഉണ്ടാക്കാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു. പറഞ്ഞതുപോലെ, ഈ നടപടികൾ ചക്രവർത്തി നിർദേശിക്കുകയും നിയമമാക്കുകയും ഉടൻതന്നെ നടപ്പാക്കുകയും ചെയ്തു. റോമൻ ഭരണത്തിന്റെ എല്ലാ സുപ്രധാനസ്ഥാനങ്ങളിലും ക്രിസ്ത്യാനികളെ പ്രതിഷ്ഠിച്ചു. കപടാരാധന എല്ലായിടത്തും നിരോധിച്ചു. ജ്യോതിഷം, വിഗ്രഹപ്രതിഷ്ഠ, ഗ്രീക്ക് ഉത്സവങ്ങൾ എന്നിവയും നിരോധിച്ചു. നഗരങ്ങളിൽ നടമാടിയിരുന്ന നിരവധി അതിപുരാതനമായ അനാചാരങ്ങൾ നിന്നുപോയി. ഈജിപ്തിൽ നൈലിലെ വെള്ളത്തിന്റെ അളവ് അമ്പലങ്ങൾ നോക്കുന്നരീതി മാറ്റി പള്ളികളെ ഏല്പിച്ചു. റോമാക്കാരുടെ ഇടയിലെ മല്ലയുദ്ധക്കളരി നിരോധിച്ചു. വിവാഹത്തിനുമുമ്പ് കന്യകകളെ വേശ്യാവൃത്തിക്കു പ്രേരിപ്പിക്കുന്ന രീതി ഫിനീഷ്യയിലും ലെബനോനിലും ഹേലിയോപ്പൊളീസിലും നിലനിന്നു. ഈ ദുർനടപടിക്കുശേഷം അവർ നൈയാമികവിവാഹത്തിൽ പ്രവേശിക്കുമായിരുന്നു. ചക്രവർത്തി ഈ നിന്ദ്യരീതി നിർത്തലാക്കി.



പ്രാർഥനാലയങ്ങളിൽ സാമാന്യം വലുപ്പമുള്ളവ കേടുപാടു തീർത്തു. മറ്റുചിലത് മനോഹരമായി വലുതാക്കി. മുമ്പ് പള്ളികൾ ഇല്ലാത്ത ഇടങ്ങളിൽ പുതിയവ നിർമിച്ചു. രാജകീയട്രഷറിയിൽനിന്ന് ആവശ്യത്തിനു പണം നൽകാൻ പ്രൊവിൻഷ്യൽ ഗവർണർമാർക്കു നിർദേശം നൽകി. ആവശ്യമുള്ളവ സംബന്ധിച്ച് അറിയിക്കാൻ പട്ടണങ്ങളിലെ മെത്രാന്മാർക്കും ഈ കാര്യങ്ങളെക്കുറിച്ചു കത്തുകളെഴുതി. വൈദികശ്രേഷ്ഠർക്കു വിധേയരായിരിക്കാനും തീക്ഷ്ണതാപൂർവം അനുസരണമുള്ളവരായിരിക്കാനും നിർദേശിച്ചു.

സാമ്രാജ്യത്തിന്റെ സമ്പദ്സമൃദ്ധിയോടൊപ്പം മതവും അഭിവൃദ്ധിപ്പെട്ടു. ലിചീനിയസുമായുള്ള യുദ്ധത്തിനുശേഷം വിദേശരാജ്യങ്ങളുമായുള്ള യുദ്ധത്തിലും ചക്രവർത്തി വിജയശ്രീലാളിതനായി. അദ്ദേഹം സർമാത്യരെയും ഗോത്യരെയും കീഴടക്കി. അവരുമായി സമാധാന ഉടമ്പടി ഉണ്ടാക്കി. ഡാന്യൂബ് നദീതീരത്താണ് അവർ പാർത്തിരുന്നത്. അവർ യുദ്ധപ്രിയരും അംഗസംഖ്യയിൽ മികച്ചവരുമായിരുന്നു. അവർ എപ്പോഴും യുദ്ധസന്നദ്ധർ ആയിരുന്നതിനാൽ മറ്റു കാട്ടുവർഗക്കാർ അവരെ ഭയപ്പെട്ടിരുന്നു. അവർ ശത്രുക്കളായി റോമാക്കാരെമാത്രമേ കണ്ടിരുന്നുള്ളൂ. അവരുമായുള്ള യുദ്ധത്തിൽ അടയാളങ്ങളാലും സ്വപ്നങ്ങളാലും ദൈവികപരിപാലനയുടെ പ്രത്യേക സംരക്ഷണം തനിക്കുണ്ടെന്നു കോൺസ്റ്റന്റൈൻ വ്യക്തമായി ദർശിച്ചു. അതുകൊണ്ട്, യുദ്ധത്തിൽ തനിക്കെതിരേ ഉയർന്നവരെയെല്ലാം തുരത്തിയശേഷം, ചക്രവർത്തി മതപരമായ കാര്യങ്ങളിൽ തീക്ഷ്ണതാപൂർവം ശ്രദ്ധചെലുത്തുകയും സത്യവിശ്വാസവും രക്ഷാമാർഗവും തിരിച്ചറിയാൻ ഗവർണർമാരെ ഉപദേശിക്കുകയും ചെയ്തുകൊണ്ട് ക്രിസ്തുവിനോടുള്ള നന്ദി പ്രകാശിപ്പിച്ചു. ആശ്രിതരാജ്യങ്ങളിൽനിന്നു പിരിക്കുന്ന തുകയുടെ ഒരുഭാഗം സമീപസ്ഥനഗരങ്ങളിലെ വൈദികശ്രേഷ്ഠർക്കു നൽകണമെന്നും, ഈ നിയമം എന്നേക്കുമുള്ള നടപടിക്രമം ആയിരിക്കണമെന്നും കല്പിച്ചു.

കർത്തൃദിവസം എന്നറിയപ്പെടുന്ന ദിവസത്തിന്റെ ആചരണം നിർബന്ധമാക്കി. ആഴ്ച്ചയുടെ ഒന്നാം ദിവസമെന്ന് യഹൂദർ അതിനെ വിളിക്കുന്നു. ഗ്രീക്കുകാർ അത് സൂര്യനു സമർപ്പിച്ചിരിക്കുന്നു. ഏഴാംദിവസത്തിനു മുമ്പുള്ള ദിവസവും അപ്രകാരംതന്നെ ആചരിക്കാൻ നിർദേശിച്ചു. ഈ ദിവസങ്ങളിൽ നൈയാമികകാര്യങ്ങളോ, മറ്റു ബിസിനസ്കാര്യങ്ങളോ പാടില്ലെന്നും കല്പിച്ചു. പകരം പ്രാർഥനകളും അപേക്ഷകളുംകൊണ്ട് ദൈവാരാധന നടത്തണമെന്നു നിർദേശിച്ചു. കർത്താവ് മരിച്ചവരിൽനിന്ന് ഉയിർത്തതിനാൽ, കർത്തൃദിനവും, അവിടുന്ന് ക്രൂശിക്കപ്പെട്ടതിനാൽ ആറാം ദിവസവും അദ്ദേഹം ബഹുമാനിച്ച് ആദരിച്ചിരുന്നു.

ശത്രുക്കൾക്കെതിരേയുള്ള യുദ്ധത്തിൽ കുരിശ് അദ്ദേഹത്തിനു നൽകിയ ശക്തിനിമിത്തവും ഈ അടയാളം കാണപ്പെട്ട ദൈവികരീതി നിമിത്തവും അദ്ദേഹം കുരിശിനെ പ്രത്യേക ബഹുമതിയോടെ പരിഗണിച്ചിരുന്നു. കോടതികളിൽ തൂക്കിക്കൊല വിധിക്കുന്നതും നടപ്പാക്കുന്നതും നിയമംവഴി നിരോധിച്ചു. നാണയം അടിക്കുമ്പോഴും രൂപങ്ങൾ ഉണ്ടാക്കുമ്പോഴും തന്റെ പ്രതിച്ഛായകൾ നിർമിക്കുമ്പോഴും ഈ ദിവ്യാടയാളം പതിച്ചിരിക്കണമെന്ന് അദ്ദേഹം കല്പിച്ചു. ഇപ്പോഴും അതേ രീതിയിൽ കാണപ്പെടുന്നവ ഇതിനു സാക്ഷ്യം നൽകുന്നു. എല്ലാ കാര്യങ്ങളിലും, പ്രത്യേകിച്ച് നിയമങ്ങൾ ക്രോഡീകരിക്കുന്നതിലും, അദ്ദേഹം ദൈവസേവനം ലക്ഷ്യമാക്കിയിരുന്നു. അക്കാലംവരെ നടമാടിയിരുന്ന നിന്ദ്യവും ഭോഗാസക്തവുമായ നിരവധി സംഗതികൾ അദ്ദേഹം നിരോധിച്ചു. ഈ കാര്യങ്ങൾ സംബന്ധിച്ച് അദ്ദേഹം പുറപ്പെടുവിച്ച കല്പനകളിൽനിന്ന് ഇവയിൽ അദ്ദേഹത്തിനുള്ള താത്പര്യം ഒറ്റനോട്ടത്തിൽ കാണാവുന്നതാണ്. മതകാര്യങ്ങളുടെ ബഹുമാനത്തിനും പരിഗണനയ്ക്കുമായി അദ്ദേഹം നടപ്പാക്കിയ നിയമങ്ങൾ സഭാചരിത്രത്തിൽ പരാമർശിക്കേണ്ടത് ആവശ്യമാണ്.

പേർഷ്യൻക്രിസ്ത്യാനികൾ പീഡനവിധേയരാകുന്നെന്നു കേട്ട റോമൻചക്രവർത്തി കോൺസ്റ്റന്റൈൻ രോഷാകുലനാകുകയും നീരസം പ്രകടിപ്പിക്കുകയും ചെയ്തു. അവർക്കു സഹായം ചെയ്യാൻ അദ്ദേഹം വളരെ താത്പര്യപൂർവം ആഗ്രഹിച്ചു. എന്നാൽ, എങ്ങനെ അതു സാധിക്കുമെന്ന് അദ്ദേഹത്തിന് അറിവില്ലായിരുന്നു. ഏതാണ്ട് ഈ അവസരം പേർഷ്യൻരാജാവിന്റെ കൊട്ടാരത്തിൽനിന്ന് ചില പ്രതിപുരുഷന്മാർ റോമൻ ചക്രവർത്തിയുടെ പക്കലെത്തി. ചക്രവർത്തി അവരുടെ അപേക്ഷകൾ അംഗീകരിച്ച് അവരെ പറഞ്ഞയച്ചു. പേർഷ്യയിലെ ക്രിസ്ത്യാനികൾക്കുവേണ്ടി ഷപ്പൂറിന് എഴുതുന്നതിന് ഇതാണു പറ്റിയ സമയമെന്ന് അദ്ദേഹം കരുതുകയും പേർഷ്യൻരാജാവിന് എഴുതുകയും ചെയ്തു:

'ഗർഹണീയമായതൊന്നും അവരുടെ മതത്തിലില്ല, രക്തരഹിതബലിയിലൂടെ മാത്രമാണ് അവർ ദൈവത്തോട് അപേക്ഷിക്കുന്നത്. കാരണം, രക്തം ചൊരിയലിലല്ല അവിടുന്ന് പ്രസാദിക്കുന്നത്. ഭക്തിയും സുകൃതവുമുള്ള സംശുദ്ധാത്മാക്കളിൽ അവിടുന്ന് പ്രീതിപ്പെടുന്നു. ഈ കാര്യങ്ങൾ വിശ്വസിക്കുന്നവർ പ്രശംസാർഹരാണ്.' ക്രിസ്ത്യാനികളോടു കരുണയോടെ പ്രവർത്തിച്ചാൽ ദൈവം കരുണ കാണിക്കുമെന്ന് ചക്രവർത്തി ഷപ്പൂറിന് ഉറപ്പുനൽകി. തന്റെയും വലേറിയന്റെയും ദൃഷ്ടാന്തം തെളിവായി അവതരിപ്പിക്കുകയും ചെയ്തു.

ക്രിസ്തുവിലുള്ള വിശ്വാസം വഴിയും ദൈവകൃപയുടെ സഹായത്താലും പടിഞ്ഞാറൻ കടൽതീരത്തുനിന്ന് കടന്നുവന്ന് കോൺസ്റ്റന്റൈൻ റോമൻസാമ്രാജ്യം മുഴുവന്റെയും അധിപനായി. വിദേശികൾക്കും കടന്നുകയറ്റക്കാർക്കും എതിരേയുള്ള നിരവധി യുദ്ധങ്ങൾ അവസാനിപ്പിച്ചു. എന്നാൽ, അദ്ദേഹം ഇതിനൊന്നും ബലികളെയോ മാന്ത്രികരെയോ ആശ്രയിച്ചില്ല. പിന്നെയോ, തന്റെ വിജയത്തിന് തന്റെ സൈന്യത്തിന്റെ മുമ്പിൽ കുരിശിന്റെ പ്രതീകവും രക്തരഹിതവും മാലിന്യരഹിതവുമായ ശുദ്ധപ്രാർഥനകളുംമാത്രം ഉപയോഗിച്ചിരുന്നു. സഭയെ പീഡിപ്പിക്കാത്തിടത്തോളംകാലം വലേറിയന്റെ ഭരണകാലം സമ്പദ്സമൃദ്ധമായിരുന്നു. എന്നാൽ, അയാൾ ക്രിസ്ത്യാനികൾക്കെതിരേ പീഡനം അഴിച്ചുവിട്ടതിനാൽ ദൈവികകോപം അയാളെ പേർഷ്യാക്കാർക്ക് ഏല്പിച്ചുകൊടുത്തു. അവർ അയാളെ തടവുകാരനായി പിടിക്കുകയും മൃഗീയമായി കൊലപ്പെടുത്തുകയും ചെയ്തു.

ക്രിസ്ത്യാനികളോടു മനോഗുണം കാണിക്കണമെന്നു കാണിച്ച് ഈ രീതിയിലാണ് ചക്രവർത്തി ഷപ്പൂറിന് എഴുതിയത്. റോമൻപ്രദേശത്തായാലും പേർഷ്യയിലായാലും എല്ലായിടത്തുമുള്ള ക്രിസ്ത്യാനികളുടെ കാര്യത്തിൽ ചക്രവർത്തിയുടെ അതീവശ്രദ്ധ ഉണ്ടായിരുന്നു.

### 3. കോൺസ്റ്റന്റൈന്റെ അന്ത്യം

337 മേയ് 22 പന്തക്കുസ്താദിവസം കോൺസ്റ്റന്റൈൻ മരിച്ചു. കോൺസ്റ്റന്റൈൻ ചക്രവർത്തിയെ ബൈസന്റൈൻസഭ 13-ാമത്തെ അപ്പസ്തോലനായും വിശുദ്ധനായുമാണ് കണക്കാക്കുന്നത്.

ചക്രവർത്തിയുടെ മരണശേഷം ശരീരം ഒരു സ്വർണ ശവപ്പെട്ടിയിൽ വച്ച് കോൺസ്റ്റാന്റിനോപ്പിളിലേക്കു കൊണ്ടുപോയി. കൊട്ടാരത്തിൽ ഒരുയർന്ന പീഠത്തിൽവച്ചു. ജീവിതകാലത്ത് കൊട്ടാരവാസികൾ ചക്രവർത്തിയോടു കാണിച്ചിരുന്ന ബഹുമാനാദരവുകൾ അപ്പോൾ അദ്ദേഹത്തോടു കാട്ടി. പിതാവിന്റെ മരണം അറിഞ്ഞ കോൺസ്റ്റാൻസിയൂസ് പൗരസ്ത്യത്തുനിന്ന് ധൃതിയിൽ കോൺസ്റ്റാന്റിനോപ്പിളിൽ എത്തി. ഏറ്റവും മഹനീയമായ രീതിയിൽ മൃതശരീരം ശ്ലീഹന്മാരുടെ പള്ളിയിൽ, കോൺസ്റ്റന്റൈൻതന്നെ പണികഴിപ്പിച്ച കല്ലറയിൽ സംസ്കരിച്ചു. അക്കാലം മുതൽ ചക്രവർത്തിമാരെ അവിടെ സംസ്കരിക്കുക പതിവായിത്തീർന്നു. മെത്രാന്മാരെയും അവിടെ സംസ്കരിച്ചു. ഇമ്പീരിയൽ അധികാരത്തിന് തുല്യമാണ് ഹയരാർക്കിക്കൽ അധികാരം എന്നതിലുപരി വിശുദ്ധസ്ഥലങ്ങളിൽ അവർക്കാണ് പ്രാമാണ്യം എന്നു പ്രഖ്യാപിക്കപ്പെട്ടു.

*(തുടരും)*

# ചില ചാരവിചാരങ്ങൾ



ഫാ. തോമസ് പാട്ടത്തിൽചിറ CMF



'**പൊ**ടി' എന്നു പൊതുവെ നാട്ടുകാർ വട്ടപ്പേരു വിളിക്കുന്ന ഒരു പൈലിയെ പരിചയമുണ്ട്. വീടിനടുത്തുള്ള ഗോഡൗണിൽ നിന്നു പകലന്തിയോളം ലോറികളിലേക്കു സിമെന്റുചാക്കുകൾ ചുമന്നുകയറ്റി പൊടിതിന്ന് ഒരു കുടുംബംപോറ്റുന്ന അയാൾ അടിമുടി പൊടിമയമാണ്. പരിസരവാസികളായ മറ്റു പൈലിമാരിൽനിന്ന് എളുപ്പത്തിൽ തിരിച്ചറിയാനാണ് അങ്ങനെയൊരു പേര് അവർ അയാൾക്കു കൊടുത്തിരിക്കുന്നത്. അതിൽ അയാൾക്ക് ആക്ഷേപവുമില്ല. അങ്ങനെയുമുണ്ട് പൂഴിയിൽ ചില ജനങ്ങൾ: അസാധാരണമായ വിധത്തിൽ നമ്മെ പ്രചോദിപ്പിക്കാൻ ദൈവം നിയോഗിക്കുന്ന സാധാരണക്കാർ! പൈലിയെ 'പൊടി' എന്നു വിളിച്ചിരുന്ന പലരും പണ്ടേ പൂർണമായും പൊടിയായിപ്പോയി. അപ്പോൾപിന്നെ പൈലിമാത്രമാണോ പൊടി?

പൊടിയെക്കുറിച്ചുള്ള ഒരുപിടി പൊടിച്ചിന്തകളുണർത്തിയ വിഭൂതിദിനത്തിന്റെ വാതിലിലൂടെ വിശുദ്ധിയുടെയും വ്രതശുദ്ധിയുടെയും ഉപവാസത്തിന്റെയും ഉൾത്താപത്തിന്റെയും പ്രാർഥനയുടെയും പ്രായശ്ചിത്തത്തിന്റെയും അമ്പതുദിനരാത്രങ്ങളിലേക്കു വിശ്വാസിയായ നീ കടക്കുമ്പോൾ, പൊടിയെപ്പറ്റിയുള്ള വിചിന്തനങ്ങളെ വെറും പൊടിക്കാര്യങ്ങളായി കരുതരുത്. പൊടിയെക്കുറിച്ചുള്ള പ്രതിപാദ്യത്തോടെയല്ലേ പരിശുദ്ധവേദപുസ്തകം തുടങ്ങുന്നതുതന്നെ? സൃഷ്ടിയുടെ മകുടമായ മനുഷ്യനെ ദൈവം പൊടികൊണ്ടു രൂപപ്പെടുത്തിയതിനു ശേഷമാണ് തന്റെ ജീവശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്കു നിശ്വസിച്ചത് (ഉത്പ. 2:7). അനാദിയിൽ പ്രപഞ്ചശില്പിയായ ദൈവത്തിന്റെ കൈവിരലുകളിൽ ആദ്യം പുരണ്ടത് പൊടിതന്നെയായിരുന്നു. ഇതര ചരാചരങ്ങളെയെല്ലാം അവിടുന്ന് വചനംകൊണ്ടു നിർമിച്ചപ്പോൾ, മനുഷ്യനെമാത്രം സ്വന്തം കരാംഗുലികൾകൊണ്ടാണു മെനഞ്ഞെടുത്തത്. പൊടിയിൽനിന്നു തുടങ്ങിയതുകൊണ്ട് പൊടിയിൽത്തന്നെ അവൻ ഒടുങ്ങണമെന്നും അവിടുന്നു തിരുഹിതമായി (ഉത്പ. 3:19).

പൊടി ഒരു പേടിയാണ്. പൊടിക്കു ഭാരമില്ലെങ്കിലും, നാം ഒരിക്കൽ പൊടിയായി മാറുമെന്നുള്ള ഓർമ ഒത്തിരി ഭാരപ്പെടുത്തുന്നതല്ലേ? ഉയരവും ഭാരവുമൊക്കെയുള്ള ശരീരമെന്ന ഈ കുടീരം ഒരിക്കൽ പൊടിഞ്ഞുപോകുമെന്നുള്ള ഉറക്കം കെടുത്തുന്ന ഓർമ. 'പൊടി' എന്ന പദം നമ്മുടെ നിലനില്പിന്റെ നിസ്സാരതയെത്തന്നെയാണു പ്രതിനിധീകരിക്കുന്നത്. ഉടുപ്പിച്ചൊരുക്കി നീ കൊണ്ടു നടക്കുന്ന ഉടൽ ഒരുപിടി പൊടിയാണെന്നുള്ള ഉൾബോധ്യമാണ് അതു നിനക്കു നല്കുന്നത്. 'മനുഷ്യനെ ദൈവം പൊടിയിലേക്കു മടക്കി അയയ്ക്കുന്നു' എന്നു പാടുന്ന സങ്കീർത്തകനും (സങ്കീ. 90:3), 'എല്ലാ ശരീരവും നശിക്കും; മനുഷ്യൻ പൊടിയിലേക്കു മടങ്ങും' എന്ന് ഏറ്റുപറയുന്ന ജോബും (ജോബ് 34:15), 'എല്ലാം പൊടിയിൽനിന്നുണ്ടായി; എല്ലാം പൊടിയിലേക്കു പോകുന്നു' എന്നു പ്രഘോഷിക്കുന്ന സഭാപ്രസംഗകനും (സഭാ. 3:20; 12:7) ഒക്കെ ഈയൊരു അവബോധത്തിലേക്കാണു നിന്നെ ക്ഷണിക്കുന്നത്. പൊടിമയമല്ലേ പ്രപഞ്ചം? ഈ ഭൂഗോളത്തിനൊരു തീ പിടിച്ചാൽ അവശേഷിക്കുന്നത് ഒരു പൊടിക്കൂമ്പാരം മാത്രമായിരിക്കില്ലേ? അങ്ങനെയാകുമ്പോൾ, 'പൊടി'യുടെ ആംഗലേയ തുല്യനാമമായ DUSTനെ Definitively Ultimate Substance of Temporals (അനിത്യമായവയുടെ അവിതർക്കിതമായി ആത്യന്തികമായ അസ്തിത്വം) എന്ന് നീട്ടിയെഴുതുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു. 'പൊടി' മലയാളഭാഷയിൽ 'മനുഷ്യശരീര'ത്തിന്റെ പര്യായമാണെന്നുകൂടി അറിഞ്ഞിരിക്കാം.

'ഞാൻ പൊടിയും, ചാരവുമാകുന്നു' (ഉത്പ. 18:27) എന്ന വചനം വായിക്കുമ്പോൾ ആടയാഭരണങ്ങൾ ചാർത്തി ചലിക്കുന്ന അരക്കിലോ പൊടിമാത്രമാണു നീ എന്ന ബോധ്യം നിശ്ചയമായും നിനക്കുണ്ടാവണം. നിന്റെ പേരിന്റെയും യോഗ്യതകളുടെയുമൊക്കെ മുമ്പിൽ 'പൊടി' എന്നുകൂടി ചേർത്തെഴുതി വല്ലപ്പോഴുമൊക്കെ പത്തുപ്രാവശ്യം ആവർത്തിച്ച് ഉരുവിടുന്നത് ഉപകാരപ്രദമായിരിക്കും. നീയും, നാളിന്നോളം നീ നേടിയവയൊക്കെയും നശ്വരങ്ങളാണെന്നും, വെറുതെ ഊതിപ്പറത്താവുന്ന ഒരുപിടി പൊടിയായി ഒരിക്കൽ മാറുമെന്നുമുള്ള തിരിച്ചറിവിന്റെ തിരിവെട്ടം അതു നിനക്കു തരാതിരിക്കില്ല. മറ്റെന്തോ ആണെന്നുള്ള തെറ്റുധാരണയെ അതു മാറ്റുകയും ചെയ്യും. ഭൂമിയിൽ ആറടിയിടംപോലും നിനക്ക് അധികമാണ്. ഒന്നു കത്തിക്കരിഞ്ഞാൽ നീ കുറച്ചു ധൂളിയും ധൂമവും മാത്രമല്ലേ? കെട്ടിടത്തിന്റെ വാൾ പുട്ടിയിട്ടു മിനുക്കുന്നവരോട് 'ദേഹം നിറയെ പൊടിയാണല്ലോ' എന്നു ചോദിച്ചപ്പോൾ 'നമ്മളുതന്നെ പൊടിയല്ലേ' എന്നു കിട്ടിയ മറുചോദ്യം എത്ര ചിന്തനീയം! മുഖവും മുടിയും തടിയും താടിയുമൊക്കെയായി ഓടിനടക്കുന്ന ഒരു പൊതി പൊടിയാണ് നീ എന്ന വസ്തുത നിനക്ക് ഒരിക്കലും നിഷേധിക്കാനാവില്ല. ശ്വാസം ഇല്ലാതാകുമ്പോൾ പൂഴിയിൽ പതിക്കേണ്ട വ്യക്തിയാണു നീ (സങ്കീ. 104:29). ചാരമായ നീ, ഒരു നേരം ചാരമാകുന്ന

**പേരിന്റെയും യോഗ്യതകളുടെയുമൊക്കെ മുമ്പിൽ 'പൊടി' എന്നുകൂടി ചേർത്തെഴുതി വല്ലപ്പോഴുമൊക്കെ പത്തുപ്രാവശ്യം ആവർത്തിച്ച് ഉരുവിടുന്നത് ഉപകാരപ്രദമായിരിക്കും. നീയും, നാളിന്നോളം നീ നേടിയവയൊക്കെയും നശ്വരങ്ങളാണെന്നും, വെറുതെ ഊതിപ്പറത്താവുന്ന ഒരുപിടി പൊടിയായി ഒരിക്കൽ മാറുമെന്നുമുള്ള തിരിച്ചറിവിന്റെ തിരിവെട്ടം അതു നിനക്കു തരാതിരിക്കില്ല. മറ്റെന്തോ ആണെന്നുള്ള തെറ്റുധാരണയെ അതു മാറ്റുകയും ചെയ്യും.**

ഒരു ചരമദിനം നിനക്കുണ്ടായേ തീരൂ. ഒരു ഭസ്മീകരിക്കൽപ്രക്രിയയ്ക്ക് നീ എന്നെങ്കിലും വിധേയപ്പെടണം. ജീവൻ വെടിഞ്ഞാൽ പിന്നെ നീ പൊടിയാൻ തുടങ്ങും. അതുകൊണ്ട്, കടുപ്പിച്ചുള്ള നോട്ടമോ വാക്കുകളോ കടുംകൈയോ ഒന്നും വേണ്ടാ. പൊടിയാകാനുള്ളതാണ് നീ ചുമക്കുന്ന നിന്റെ ദേഹം. നീ എങ്ങനെയൊക്കെ നടന്നാലും 'എന്തിൽനിന്നാണ് നിന്നെ മെനഞ്ഞെടുത്തതെന്നു ദൈവം അറിയുന്നു. നീ കേവലം ധൂളിയാണെന്ന് അവിടുന്ന് ഓർമിപ്പിക്കുന്നു' (സങ്കീ. 103:14).

നിന്റെ പാദങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്ന പൊടി പാടേ തുടച്ചുകളയേണ്ടതില്ല; വിലപ്പിടിപ്പുള്ള പല പാഠങ്ങളും താക്കീതുകളും അവയ്ക്കു നല്കാനുണ്ട്. വെറുതെ പൊടിപോലെ പറന്നുപോകാവുന്നത്ര കനമേ നിനക്കുള്ളൂ. ആകയാൽ, അഹംഭാവത്തിന്റെ ആവശ്യം അശേഷമില്ല. 'തരികിടയായി' നടക്കുമ്പോൾ ഒരുനാൾ തരിയായി കിടക്കേണ്ടിവരുമെന്ന് ഓർക്കണം. മണ്ണിലിരിക്കാനും ചരിക്കാനും മടിക്കേണ്ടാ. സ്വന്തം പേരു മറന്നാലും സ്വയം പൊടിയാണെന്നു മറക്കാതിരിക്കാം. പൊടിയാണെന്നു നന്നായറിഞ്ഞിട്ടും പൊടിപോലും എളിമപ്പെടാതെ നിഗളിച്ചുനടന്നയത്ര ദൂരത്തിൽ ദൈവത്തോടു പൊറുതിയിരക്കാം. നീയെന്ന പൊടിയെ കാലത്തിന്റെ കാറ്റ് ഊതിമാറ്റുന്ന ഒരു ദിവസമെത്തും. അന്ന് നീ വാഴ്ത്തപ്പെടുമോ അതോ, താഴ്ത്തപ്പെടുമോ? 'സ്വർണൻ', 'സ്വർണലത', 'കനകം' എന്നൊക്കെ പേരുകളുള്ളവരാരുംതന്നെ സ്വർണനിർമിതരല്ല. 'മനുജർ' (മനുഷ്യനിൽനിന്നു ജനിച്ചവർ) എന്നതിനേക്കാൾ 'രേണുജർ' (പൊടിയിൽനിന്നു ജനിച്ചവർ) എന്ന പേരല്ലേ മനുഷ്യർക്കു കൂടുതൽ യോജിച്ചത്? പൈതങ്ങളുടെ നാവിൽ ഇനിമുതൽ പൊന്നരച്ചതല്ല പിന്നെയോ, പൂഴിപ്പൊടിയാണ് തേയ്ക്കേണ്ടതെന്നു തോന്നുന്നു. പൂഴിയുടെ രുചി നുണഞ്ഞാവണം അവർ വളരേണ്ടത്.

**പൊടിയാണെങ്കിലും...**

പൊടി പെരുകുന്നേയുള്ളൂ; ഒരിക്കലും ഒടുങ്ങുന്നില്ല. എങ്കിലും, 'പൊടി, പൊടി, പൂർണവും പൊടി' എന്നു പരിഭവപ്പെട്ടു കഴിയുന്നത് ക്രൈസ്തവമല്ല. മുളന്തണ്ടിനു മുരളികയും, കരിക്കട്ടയ്ക്കു കനലുമായി മാറാനുള്ള സാധ്യതയുള്ളതുപോലെ, പൂഴിയായ മനുഷ്യശരീരത്തിനു പരിപൂതമായ മറ്റൊരു സത്തയെ പ്രാപിക്കാനുള്ള പ്രാപ്തിയുണ്ട്. വിഭൂതിദിനത്തിലെ നിന്റെ നെറ്റിത്തടത്തിലെ കരിക്കുരിശ് ഒരേസമയം മനുഷ്യൻ എന്ന നിന്റെ അസ്തിത്വത്തിന്റെ നിസ്സാരതയെയും, ക്രിസ്ത്യാനി എന്ന സ്വത്വ(Identity)-ത്തിന്റെ ഗൗരവത്തെയുമാണു സൂചിപ്പിച്ചത്. നിന്റെ ആയുസ്സിന്റെ മർത്ത്യതയും ഹ്രസ്വതയുമൊക്കെ ആസ്ലീവായാൽ വിശുദ്ധീകരിക്കപ്പെടുകയാണ്. അതുവഴി മനുഷ്യമർത്ത്യതയ്ക്ക് വിശ്വാസത്തിൽ അധിഷ്ഠിതമായ അമർത്ത്യതയുടെ മറ്റൊരു മാനം നല്കപ്പെടുകയാണ്. ഒരുനുള്ളു ചാരത്തിൽ ഒടുങ്ങേണ്ടവരല്ല; മറിച്ച്, കുരിശിന്റെ പ്രത്യാശയിലേക്കു പ്രതിനിമിഷം പിറക്കേണ്ടവരാണ് നാം. ഉദ്ഭവിച്ചിടത്തുനിന്ന് ഉയിർത്തെഴുന്നേല്ക്കേണ്ടവരാണു നാം. പൂഴി തിന്നുകൊണ്ട് ഊഴിയിൽ ഇഴഞ്ഞുനടക്കുന്ന ഉരഗങ്ങളാകാനുള്ളവയല്ല ഉത്ഥിതനിൽ വിശ്വസിക്കുന്ന നമ്മുടെയൊക്കെ ജന്മങ്ങൾ. പിന്നെയോ, പരലോകത്തിന്റെ പരിശുദ്ധിയിലേക്കു പറന്നുയരാനുള്ളവയാണ്. നമ്മിലെ ദൈവികജീവന്റെ ശ്വാസമാണ് നമ്മെ വിശുദ്ധമായ വിഭൂതിയാക്കുന്നത്. അതുകൊണ്ടാവാം നരനെ 'പൊടി'യെന്നു നസ്രായൻ ഒരു വട്ടംപോലും വിളിക്കാതിരുന്നത്. പൊടിയിൽനിന്നുള്ള ഒരു പുനർജനിയിലേക്കാണു വലിയനോമ്പ് നിന്നെ വിളിക്കുന്നത്. നീയാകുന്ന പൊടിശില്പത്തിനു സൽക്കൃത്യങ്ങൾകൊണ്ടു നിറം കൊടുക്കാനുള്ളതാണ് തപസ്സുകാലം. അതിന് ആരംഭമായി ഒരു ക്ഷാരസ്നാനത്തിന്റെ ആവശ്യകതയുണ്ട്. നീ പൂർണമായും ചൂർണമാകുന്ന വാഴ്‌വിലെ നിന്റെ അവസാന വിഭൂതിദിനത്തിൽ നീയെന്ന പൊടിക്കൂമ്പാരത്തിനു തമ്പുരാന്റെ ദൃഷ്ടിയിൽ ഏതു വർണമായിരിക്കും?

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. സിറിയക് തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



അന്വേഷിച്ചറിയാതെ കുറ്റം ആരോപിക്കരുത്; ആദ്യം ആലോചന, പിന്നെ ശാസനം.

പ്രഭാഷകൻ 11:7

**എഡിറ്റോറിയൽ**

# സ്നേഹത്തണലിൽ കുട്ടികളെ കരുതാം ചേർത്തുപിടിക്കാം

**ല**ഹരിയും അക്രമവും കൊലവിളികളുമായി കൗമാരകേരളം നാടുവാഴുകയാണ്. മനുഷ്യമനഃസാക്ഷിയെ നടുക്കുന്ന അതിഭീകരമായ സംഭവങ്ങളാണ് 'പ്രബുദ്ധകേരള'ത്തിൽ കുറേ ദിവസങ്ങളായി അരങ്ങേറുന്നത്. ഞെട്ടിക്കുന്ന യാഥാർഥ്യങ്ങൾ വൈകിയാണെങ്കിലും കേരളമൊന്നാകെ തിരിച്ചറിഞ്ഞിരിക്കുന്നു. അക്രമത്തിന്റെയും ലഹരിയുടെയും കാണാച്ചരടുകൾ പൊട്ടിച്ചെറിയാനുള്ള ഉൾക്കരുത്തുമായി സർക്കാരും പൊതുസമൂഹവും മതപ്രസ്ഥാനങ്ങളും കൈകോർക്കേണ്ട സമയമായിരിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളുടെമേൽ അതിജാഗ്രതയുടെ ഒരു മൂന്നാം കണ്ണ് പതിപ്പിക്കണമെന്ന തിരിച്ചറിവിലേക്കു മാതാപിതാക്കളും അധ്യാപകരും അധികാരികളും ഒന്നിച്ചണിനിരക്കേണ്ട കാലമാണിത്.

കുട്ടികളുടെയിടയിൽ അക്രമവാസനയുടെ അരങ്ങേറ്റങ്ങൾ അതിരൂക്ഷമാണ്. വയലൻസും റാഗിങ്ങുമെല്ലാം അതിന്റെ തീവ്രരൂപങ്ങളാണ്. വിദ്യാർഥികൾ തമ്മിലുള്ള ഏറ്റുമുട്ടലിനൊടുവിൽ താമരശേരി സ്വദേശി മുഹമ്മദ് ഷഹബാസ് എന്ന പത്താം ക്ലാസ് വിദ്യാർഥി കൊല്ലപ്പെട്ടതിന്റെ നൊമ്പരത്തിൽനിന്നു കേരളം മുക്തമായിട്ടില്ല. കേരളത്തിൽ ഈ നാളുകളിലുണ്ടായ കൂട്ടക്കൊലകളുടെയും ക്രൂരതകളുടെയും ഒടുവിലത്തെ ഇരയായിരിക്കാം ഈ പതിനഞ്ചുകാരൻ. ട്യൂഷൻ സെന്ററിലെ യാത്രയയപ്പുപരിപാടിയിൽ തുടങ്ങിയ തർക്കം മൂർച്ഛിച്ച് രണ്ടു സ്കൂളുകളിലെ വിദ്യാർഥികൾതമ്മിലുണ്ടായ കലഹത്തിൽ കലാശിക്കുകയായിരുന്നു. വലിയ പ്രഹരശേഷിയുള്ള നഞ്ചക്കുകൊണ്ടുള്ള അടിയിൽ ഷഹബാസിന്റെ തലയോട്ടി പൊട്ടിച്ചിതറിയെന്നു പോസ്റ്റുമോർട്ടം റിപ്പോർട്ടു പറയുന്നു.

കൊലവിളികൾകൊണ്ടു ശബ്ദമുഖരിതമാണ് കേരളം. തല്ലാനും കൊല്ലാനും മടിയില്ലാത്തവിധം ക്രൂരതയുടെ പര്യായമായി നമ്മുടെ കുട്ടികൾ അധഃപതിച്ചുകൊണ്ടിരിക്കുന്നു. സുന്ദരസൗഹൃദങ്ങൾ പൂത്തുലഞ്ഞ നമ്മുടെ കാമ്പസുകളിൽ ഞൊടിയിടകൊണ്ടാണ് പ്രശ്നങ്ങളുണ്ടാകുന്നതും കൊലവിളികളുയരുന്നതും വിഷയം ചോരപുരളുന്നതും.

ജീവിതമൂല്യങ്ങളുടെ പഠനക്കളരിയായ കുടുംബങ്ങളുടെ ശൈഥില്യമാണു കുട്ടികളുടെ ഗുരുതരമായ തകരാറുകളുടെ മുഖ്യകാരണമെന്നുറപ്പിക്കാൻ ഇനിയും ഗവേഷണപഠനങ്ങളും സർവേകളും നടത്തേണ്ടതില്ല. മക്കൾക്കു മാതൃകാപാഠപുസ്തകമാകേണ്ട മാതാപിതാക്കൾക്കു മാർഗഭ്രംശം സംഭവിച്ചാൽ നാം ആരെയാണ് ഇനി പഴിചാരേണ്ടത്? സാഹോദര്യവും സഹിഷ്ണുതയും സമഭാവനയുമൊക്കെ പരിശീലിപ്പിക്കുന്ന ഇടങ്ങളായി നമ്മുടെ വീടുകളും വിദ്യാലയങ്ങളും മാറേണ്ടതായിട്ടുണ്ട്. നമ്മുടെ സ്കൂളുകളും കോളജുകളും ആരോഗ്യകരവും സർഗാത്മകവുമായ ചർച്ചകൾക്കും സംവാദങ്ങൾക്കും ഇടംകൊടുത്താൽ അതു കുട്ടികളെ ക്രിയാത്മകതയുള്ളവരാക്കുമെന്ന കാര്യത്തിൽ തർക്കമില്ല. സ്വാർഥതയിൽനിന്നു വിമുക്തരായി നാടിനെയും രാഷ്ട്രത്തെയും സേവിക്കാനും സ്നേഹിക്കാനുമുള്ള താത്പര്യം അവരിലുണ്ടാകും. ഒപ്പം, കലാസാംസ്കാരികസദസ്സുകളും കുട്ടികളുടെ ഊർജപ്രസരണശേഷിയെ പുഷ്ടിപ്പെടുത്തും.

പഠനവ്യഗ്രതകൾക്കിടയിൽ കളിക്കാനുള്ള സ്വാതന്ത്ര്യം നമ്മുടെ കുട്ടികൾക്കു വേണ്ടുവോളമില്ലായെന്നതും കുട്ടികൾ നേരിടുന്ന ഒരു പ്രതിസന്ധിയാണ്. സ്പോർട്സ്മാൻസ്പിരിറ്റും ടീംഗെയിമുകളും അവർക്കു ധാരാളമായി ഉണ്ടാകണം. അവരുടെ സ്ട്രെസ്സും ടെൻഷനും ലഘൂകരിക്കാൻ ഇവയൊക്കെ ആവശ്യമാണ്. തോൽവികളിൽനിന്നും വീഴ്ചകളിൽനിന്നും പാഠമുൾക്കൊണ്ട് ഊർജ്ജസ്വലരായി വളരാനുള്ള അവസരങ്ങൾ അവർക്കു ധാരാളമായുണ്ടാകണം.

മനുഷ്യനാകാനുള്ള വിദ്യാഭ്യാസമാണ് നമ്മുടെ കുട്ടികൾക്കു പകർന്നുനല്കേണ്ടത്. മാനുഷികപാഠങ്ങളാണ് അവർ മനഃപാഠമാക്കേണ്ടതും ജീവിതത്തിൽ പരിശീലിക്കേണ്ടതുമെന്ന കാര്യത്തിൽ തർക്കമില്ല. കുട്ടികളുടെ പ്രശ്നങ്ങൾ പഠിക്കാനും അതു പരിഹരിക്കാനും പറ്റിയ സ്റ്റുഡന്റ് ഫെസിലിറ്റേഷൻ കമ്മിറ്റികൾ സ്കൂളുകളിലുണ്ടാവണം. സോഷ്യൽ മീഡിയാകളിൽ അവർ കാണുന്ന കണ്ടന്റുകൾക്കുമേൽ രക്ഷിതാക്കളുടെ കണ്ണു പതിയണം. മേൽനോട്ടവും നിയന്ത്രണവും കൊടുക്കേണ്ടവർ പേടിച്ചരണ്ടും സംശയിച്ചും മാറിനിന്നാൽ കുട്ടികൾ കൈവിട്ടുപോകും.

സംസ്കാരത്തിലും സഹജീവിസ്നേഹത്തിലും ഊറ്റംകൊള്ളുന്ന മലയാളിയുടെ മഹത്ത്വത്തിനു മങ്ങലേല്ക്കുന്ന സംഭവങ്ങൾക്ക് അറുതിയുണ്ടാകണം. കേരളനാട് ഉണർന്നേ പറ്റൂ. നമ്മുടെ ഭരണസംവിധാനവും നിയമപാലകരും അധ്യാപകരും രക്ഷാകർത്താക്കളും ഒറ്റക്കെട്ടായി നമ്മുടെ കുഞ്ഞുങ്ങളെ ചേർത്തുപിടിക്കുന്നതിലും വീണ്ടെടുക്കുന്നതിലും അതിജാഗ്രത പാലിക്കണം. ■

# ഇലഞ്ഞിപ്പൂവ് വിരിഞ്ഞു നാട്ടിലെങ്ങും ബനീഞ്ഞാസുഗന്ധം



കുറവിലങ്ങാട്: കൈരളിക്കാകെ വേറിട്ട കാവ്യവസന്തം സമ്മാനിച്ച കവയിത്രി സിസ്റ്റർ മേരി ബനീഞ്ഞയ്ക്ക് പാവനമായ ഒരു സ്മാരകമുയർന്നു. ഇലഞ്ഞി സിഎംസി മഠത്തിലാണ് ഓർമകളുടെ സുഗന്ധവും സാഹിത്യത്തിന്റെ ഭംഗിയും സമ്മാനിച്ച് 'ഇലഞ്ഞിപ്പൂവ്' - സിസ്റ്റർ മേരി ബനീഞ്ഞ സ്മാരകമ്യൂസിയം തുറന്നത്. മലയാളത്തിലെ ആദ്യ മിസ്റ്റിക് കവയിത്രിയും കർമലീത്താസന്ന്യാസിനീസമൂഹാംഗവുമായ സിസ്റ്റർ മേരി ബനീഞ്ഞയുടെ ജന്മശതോത്തര രജതജൂബിലിവേളയിലാണ് സ്മാരകമ്യൂസിയം തുറന്നതെന്നത് സാഹിത്യലോകത്തിനും കർമലീത്താ സന്ന്യാസിനീസമൂഹത്തിനും ഇരട്ടിസന്തോഷമായി.

നവമായ ബനീഞ്ഞാ ആഭിമുഖ്യം കാലഘട്ടത്തിന്റെ അനിവാര്യതയെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. ഇലഞ്ഞിപ്പൂവിന്റെ ആശീർവാദം നിർവഹിച്ചു സന്ദേശം നൽകുകയായിരുന്നു ബിഷപ്. സിസ്റ്റർ മേരി ബനീഞ്ഞയുടെ സാഹിത്യസൃഷ്ടികളെക്കുറിച്ച് ആഴത്തിലുള്ള പഠനങ്ങളുണ്ടാകണമെന്നും ബിഷപ് പറഞ്ഞു. സിസ്റ്റർ മേരി ബനീഞ്ഞയുടെ ജന്മശതോത്തരരജതജൂബിലി സമ്മേളനഉദ്ഘാടനവും മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. സിഎംസി സുപ്പീരിയർ ജനറൽ മദർ ഗ്രെയ്സ് തെരേസ് അധ്യക്ഷത വഹിച്ചു. ഇലഞ്ഞിപ്പൂവിന്റെ സമർപ്പണവേളയിൽ പ്രശസ്ത സാഹിത്യകാരൻ പെരുമ്പടവം ശ്രീധരൻ ബനീഞ്ഞാമ്മയെക്കുറിച്ചുള്ള തന്റെ ഓർമകൾ പങ്കുവച്ചു. പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസും സിസ്റ്റർ മേരി ബനീഞ്ഞ ഫൗണ്ടേഷൻ ചെയർമാനുമായ മോൺ. ഡോ. ജോസഫ് തടത്തിൽ, അനൂപ് ജേക്കബ് എംഎൽഎ, ഡോ. കുര്യാസ് കുമ്പളക്കുഴി, സെന്റ് പീറ്റർ ആന്റ് പോൾ ഫൊറോന വികാരി ഫാ. ജോസഫ് ഇടത്തുംപറമ്പിൽ, ഇലഞ്ഞി പഞ്ചായത്തു പ്രസിഡന്റ് പ്രീതി അനിൽ, ബനീഞ്ഞ സാംസ്കാരികസമിതി പ്രസിഡന്റ് വി.എം. മാത്യു, സെന്റ് പീറ്റേഴ്സ് എച്ച്എസ്എസ് പ്രിൻസിപ്പൽ രാജേഷ് സി. കുന്നുംപുറം, ഗീത ജോർജ്, സിസ്റ്റർ സിജി തെരേസ്, സിസ്റ്റർ കൃപ മരിയ എന്നിവരും ചടങ്ങിൽ സംസാരിച്ചു.

ഈ വർഷത്തെ ബനീഞ്ഞാ അവാർഡ് നേടിയ, പാലാ രൂപതാംഗവും എം.ജി. യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലെറ്റേഴ്സിലെ അധ്യാപകനുമായ ജോസ് കെ. മാനുവലിനും, വാനമ്പാടി അവാർഡു നേടിയ പാലാ ഗുഡ്ഷെപ്പേർഡ് സെമിനാരിയിലെ അധ്യാപകനായ ഫാ. ജെയിംസ് പുലിയുറുമ്പിലിനും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അവാർഡുകൾ സമ്മാനിച്ചു.

ബാലനോവൽ **16**

അന്തിനാട് ജോസ്



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

**രാ**ത്രി അതിന്റെ അവസാനയാമങ്ങളിലേക്കു കടക്കുകയായിരുന്നു. കുന്നിൻചെരുവിലൂടെ സർവശക്തിയും സംഭരിച്ച് ആ വിചിത്രമനുഷ്യൻ മുന്നോട്ടാഞ്ഞു. പിന്നാലെ കാർഫിയൂസും സംഘവും വച്ചുപിടിച്ചു. ഇരുകൂട്ടരും മിന്നൽവേഗത്തിൽ പാഞ്ഞു.

നല്ല നിലാവുണ്ടായിരുന്നതുനിമിത്തം സകല വഴികളും വ്യക്തമായി കാണാമായിരുന്നു. കാട്ടുചെടികൾ ചവിട്ടിമെതിച്ച്



അയാൾ പാഞ്ഞു. പിന്നാലെ ഓടുന്നവർക്കിടയിലേക്ക് അയാൾ കല്ലുകൾ വലിച്ചെറിഞ്ഞു. കല്ലിനടിയിൽപ്പെട്ട് ഒരു ഭടൻ നിലത്തടിച്ചു വീണു.

ആ മനുഷ്യൻ ഓടിച്ചെന്ന് വലിയൊരു മരത്തിന്റെ മുകളിൽ കയറി. പിന്നെ മരത്തിന്റെ ചില്ലകൾ ഒടിച്ച് താഴെനിന്നവരുടെ തലയിലേക്കിട്ടു. പലരും ഓടിമാറി. സോയൂസ് അലറിപ്പറഞ്ഞു:

''ഇറങ്ങിവന്നാൽ നിന്നെ ഞങ്ങൾ ഒന്നും ചെയ്യില്ല. ഞങ്ങൾ നിന്നെ പിടിക്കുന്നത് നിന്നിൽനിന്നു രഹസ്യങ്ങൾ അറിയാൻ വേണ്ടിയാണ്. ഇറങ്ങിവരൂ. അല്ലെങ്കിൽ ഞങ്ങളെല്ലാംകൂടി മരംവെട്ടിയിടും. നിലത്തുവീണ്, പാറക്കല്ലിൽ തലയടിച്ച് നീ മരിക്കും.''

അവർ മുകളിലേക്കു നോക്കി. എങ്ങും അയാളെ കാണുന്നില്ല. ഇത്ര പെട്ടെന്ന് അയാൾ എവിടെപ്പോയി? മരച്ചില്ലകൾക്കിടയിലെങ്ങും കാണാനില്ല. "ഇത് ഒരു വല്ലാത്ത അദ്ഭുതമായല്ലോ.'' കാർഫിയൂസ് പറഞ്ഞു. കണ്ണിമയ്ക്കാതെ താഴെനിന്നവരെല്ലാം നോക്കിക്കൊണ്ടിരുന്നതല്ലേ? ഇത്ര പെട്ടെന്ന് അയാൾ എങ്ങനെ മറഞ്ഞു?

"അതാ പോകുന്നു." മേഘനാദൻ തെല്ലകലെ മറ്റൊരു മരത്തിലേക്കു കൈചൂണ്ടി. മരങ്ങളിൽനിന്നു ചാഞ്ഞുകിടക്കുന്ന വള്ളിയിലൂടെ തൂങ്ങിയാടി അയാൾ പോവുകയാണ്. സോയൂസും അതേ വള്ളികളിലൂടെ ആടി അയാളെ പിൻതുടർന്നു.

പെട്ടെന്ന് തൂങ്ങിയാടിയ ഒരു വള്ളി ഞെട്ടറ്റ് അയാൾ വലിയൊരു ശബ്ദത്തോടെ നിലത്തേക്കു വീണു. പിന്നാലെ വള്ളിയിൽ തൂങ്ങിയ സോയൂസ് വള്ളിയിലൂടെ പിടിച്ച് മരച്ചില്ലയിൽ കയറി.

എല്ലാവരും ചേർന്ന് അയാളെ കൈകാലുകൾ ബന്ധിച്ചു. സോയൂസും മരത്തിൽനിന്നിറങ്ങിവന്നു.

എല്ലാവരും ആഹ്ലാദസൂചകമായി ആർപ്പുവിളിച്ചു. ശത്രുഗണത്തിൽപ്പെട്ട ഒരാളെ ജീവനോടെ ലഭിച്ചിരിക്കുന്നു. എങ്കിലും സ്വപിതാവിന്റെ മരണവും തക്കസമയത്ത് കൊട്ടാരത്തിലെത്താൻ കഴിയാത്തതും കാർഫിയൂസിനെ വല്ലാതെ തളർത്തിയിരുന്നു. കുമാരന് സമീപഭാവിയിലെങ്ങും മനംതുറന്നു സന്തോഷിക്കാനാവില്ല.

ആ മനുഷ്യന്റെ ശരീരമാകെ ഇരുമ്പുതകിടുകൾ ഒട്ടിച്ചുവച്ചിരിക്കുകയാണ്. മുഖത്തും ഏതോ ഒരു ആവരണം അണിഞ്ഞിരിക്കുന്നു. തന്നിമിത്തം ഒറ്റനോട്ടത്തിൽ ആ മനുഷ്യനെ ആരും തിരിച്ചറിയില്ല.

അയാളെ താങ്ങിയെടുത്ത് താഴേക്കു നീങ്ങി. വളരെ ശ്രദ്ധാപൂർവം നടന്നില്ലെങ്കിൽ വല്ല പാറക്കെട്ടിലും തട്ടി വീണെന്നിരിക്കും.

അയാൾ അവരുടെ കൈയിലിരുന്ന് ഞരങ്ങുകയും മൂളുകയും ചെയ്തു. വള്ളിപൊട്ടി നിലത്തുവീണ് നല്ല പരിക്കുപറ്റിയിരുന്നു.

സമതലത്തിലെ പുതിയ താവളത്തിലെത്തി ആ മനുഷ്യനെ തറയിൽക്കിടത്തി. വീഴ്ചയിൽ ബോധം നഷ്ടപ്പെട്ട വിവരം അപ്പോഴാണ് അവർ അറിഞ്ഞത്.

"നമുക്ക് കാലിലെ കെട്ടഴിക്കാം. കൈയിലേതുമാത്രം കിടന്നാൽ മതി. ബോധം തെളിയാതെ ഒന്നും ചോദിച്ചറിയാൻ പറ്റില്ലല്ലോ." മേഘനാദൻ പറഞ്ഞു.

"ഇയാൾ ആരാണെങ്കിലും വലിയ തന്ത്രശാലിതന്നെയാണ്." കാർഫിയൂസ് പറഞ്ഞു.

എല്ലാവരും അയാളെത്തന്നെ നോക്കിനിന്നു. ഇരുമ്പുതകിടിനുമുകളിൽ ഏതോ കാട്ടുമൃഗത്തിനെക്കൊന്ന് രക്തം പുരട്ടിയിരിക്കുകയാണ്. കാണുന്നവർക്ക് ഒറ്റനോട്ടത്തിൽ സ്വശരീരത്തിലെ രക്തമാണെന്നു തോന്നും.

"ഇനി ഇരുമ്പുതകിടുകൾ അടർത്തി മാറ്റൂ." സോയൂസ് പറഞ്ഞു.

ഉടൻതന്നെ മേഘനാദൻ നെഞ്ചിലും ഉദരത്തിലും പുറത്തുമെല്ലാം പതിപ്പിച്ച നേർത്ത ഇരുമ്പുതകിടുകൾ വലിച്ചുപറിച്ചെടുത്തു.

അവസാനം മുഖത്തെ തകിടുകൾ ഒന്നൊന്നായി അടർത്തിയെടുത്തു.

ആ കാഴ്ചകണ്ട് സോയൂസ് ഇടിവെട്ടേറ്റതുപോലെ ഞെട്ടിപ്പോയി.

ആദിത്യപുരംരാജ്യത്തെ ഏറ്റവും ധൈര്യശാലിയായ ഭടൻ അഡോക്കിയാസ്.

ജാലകപ്പഴുതിലൂടെ എത്തിനോക്കി രാജാവിന്റെ മുറിയിലെ ഭീകരസർപ്പത്തെ ആദ്യമായിക്കണ്ടവൻ. എന്നിട്ടും ഭയന്നു നിലവിളിക്കാത്തവൻ.

ആ കാഴ്ച കണ്ട് കാർഫിയൂസ് ഹൃദയം സ്തംഭിച്ചതുപോലെ തരിച്ചുനിന്നു. മേഘനാദനും സ്തംഭിച്ചുപോയി.

സ്വപ്നത്തിൽപോലും പ്രതീക്ഷിക്കാത്ത ഒരു കാഴ്ച. ഒരു വലിയ കുടിലതന്ത്രം മറനീക്കി പുറത്തുവന്നിരിക്കുന്നു!

എല്ലാ സംശയങ്ങളും ഇവിടെ തീർന്നിരിക്കുന്നു.

സോയൂസ് കുറച്ചു വെള്ളം അയാളുടെ മുഖത്തു തളിച്ചു. അയാൾ ഞെട്ടിയുണർന്ന് ചുറ്റും നോക്കി. ചുറ്റും കൂടി നില്ക്കുന്നവരെ കണ്ട് അയാൾ ഭയച്ചു വിറച്ചു. "എന്നെ ഒന്നും ചെയ്യല്ലേ." അയാൾ അവരോടു കെഞ്ചി.

"ഇല്ല. നിന്നെ ഞങ്ങൾ ഒന്നും ചെയ്യില്ല. എല്ലാം തുറന്നു പറഞ്ഞാൽ നിനക്ക് ഞങ്ങളോടൊപ്പം കൂടാം. അതല്ലെങ്കിൽ നീ നല്ല ഒരു മരണത്തിന് ഒരുങ്ങിക്കൊള്ളുക."

''ഞാൻ നിങ്ങളോടൊപ്പം കൂടാം. എന്നെ ദേവദത്തൻ ഭീഷണിപ്പെടുത്തി ഇങ്ങോട്ടയച്ചതാണ്. എന്നോടു ക്ഷമിക്കണം. എല്ലാം കൊച്ചുരാജാവിന്റെ ചതിയായിരുന്നു. രാജാവിന്റെ ജഡവുമായി തിരുമാലിയിലേക്കു പോകാൻ തീരുമാനിച്ചതും ബോധം കെട്ടുവീണതും മന്ത്രവാദിപറഞ്ഞതും എല്ലാം സിംഹാസനം തട്ടിയെടുക്കാനുള്ള തന്ത്രങ്ങളായിരുന്നു."

കാർഫിയൂസ് പൊട്ടിക്കരഞ്ഞു.

പെട്ടെന്ന് നാലു കൊലയാനകൾ അവർക്കു മുമ്പിലേക്ക് അലറിയടുത്തു.

(തുടരും)

## നോമ്പുകാലചിന്തകൾ 1



**ഫാ. ഡോ. ജോസഫ് അരിമറ്റത്ത്**

ത്യാഗജീവിതത്തെ ചേർത്തുനിർത്തി സ്വർഗോന്മുഖരാകാൻ സഭ തന്റെ മക്കളെ ഒരുക്കുന്ന പുണ്യപ്പെട്ട ദിനങ്ങളാണ് വലിയനോമ്പുകാലം. ഇത് ഒരു വീണ്ടെടുപ്പിന്റെ തുടക്കമാണ്. അടിമത്തത്തിൽനിന്നുള്ള പുറപ്പാടാണ്. തീർഥാടകസഭയുടെ സ്വർഗോന്മുഖയാത്രയിൽ യോഗ്യതയുള്ളവരായി തുടരാൻ ദൈവജനം ജാഗ്രതപുലർത്തി ഉണർന്നിരിക്കുന്ന ദിനങ്ങളാണിത്. ഇസ്രായേൽജനത്തിന്റെ അടിമത്തത്തിൽനിന്നുള്ള പുറപ്പാടിൽ അവർക്കു മാർഗനിർദേശങ്ങളായി നല്കപ്പെട്ട ഉടമ്പടിയുടെ പ്രമാണങ്ങൾ കല്പലകകളിൽ മോശ എഴുതിയത് നാല്പതു രാവും നാല്പതു പകലും സീനായി മലമുകളിൽ ഉപവസിച്ചിട്ടാണ് (പുറ. 34:28). മോശ പുറപ്പാടിന്റെ നേതൃത്വത്തിലേക്കു വളർന്നത് ഉപവസിച്ചു ദൈവത്തോടുകൂടിയായിരുന്നതിന്റെ പിൻബലത്തിലാണ്. ഈജിപ്തിൽനിന്നു പുറപ്പെട്ട ജനക്കൂട്ടം ദൈവത്തിന്റെ ജനമായിത്തീർന്നത് ഉപവസിച്ചു ശക്തിപ്പെട്ട മോശയിലൂടെയാണ്, ദൈവത്തിനടുത്തിരുന്നു മോശ എഴുതിയ ഉടമ്പടിയുടെ വചനങ്ങളിലൂടെയാണ്. ഈ നോമ്പുകാലം, ഉപവാസത്തിന്റെയും പ്രാർഥനയുടെയും ഈ ഒരുക്കദിനങ്ങൾ നമ്മുടെ അടിമത്തത്തിൽനിന്നുള്ള പുറപ്പാടിനൊരുക്കമാണ്. മോശയെപ്പോലെ ദൈവത്തോടുകൂടെയിരുന്ന് ഉടമ്പടിയുടെ വചനങ്ങൾ ഹൃദയത്തിലെഴുതാൻ നമുക്കും പരിശ്രമിക്കാം.

## ശ്രേഷ്ഠമലയാളം



**ഡോ. ഡേവിസ് സേവ്യർ**

# ഭാവികാലപ്രത്യയം

ഭാവികാലത്തെ കുറിക്കുന്നതിനു ധാതുവിനോടു ചേർക്കുന്ന പ്രത്യയമാണ് ഉം. അത് മുന്നിലിരിക്കുന്ന സ്വരാന്തധാതുവിനോടാണു ചേരുന്നതെങ്കിൽ, മധ്യത്തിൽ യകാരമോ വകാരമോ ആഗമിക്കുന്നു. പോ+ഉം=പോവും. ആഗമിച്ച വ കാരം ചിലപ്പോൾ കകാരമാകാം. ചാ+ഉം=ചാകൂം. എന്നാൽ, ഈ മാറ്റം നിർബന്ധമല്ല.

ഭാവികാലം മൂന്നുവിധം ഉണ്ട്. ഒരു ക്രിയ ഭവിഷൽക്കാലത്തു നടക്കുന്നതെന്നു കാണിക്കുന്ന ഭാവിക്ക് ശുദ്ധഭാവി എന്നു പേര്. (കേരളപാണിനി ശീലഭാവി എന്നാണു നാമകരണം ചെയ്തിരിക്കുന്നത്.) ശുദ്ധഭാവിതന്നെ ശീലഭാവിയായും വേഷപ്പകർച്ച നേടുന്നു. ക്രിയ ഭൂതമോ ഭാവിയോ വർത്തമാനമോ എന്നു ഗണിക്കാതെ എല്ലാക്കാലത്തിലും നിൽക്കുന്ന ക്രിയകളോടും ഉം-നെ ചേർക്കാം. അതാണ് ശീലഭാവി. ശീലം, ഉപദേശം, തത്ത്വകഥനം മുതലായ അർഥങ്ങൾ വന്നുചേരുന്നതിനാലാണ് ശീലഭാവി എന്ന പേർ സിദ്ധമായത്. 'ഞാൻ എന്നും പത്തിന് ഉറങ്ങും' (ശീലം) 'ഗുരുജനങ്ങളെ അനുസരിക്കും' (ഉപദേശം) 'മടിയൻ മല ചുമക്കും' (തത്ത്വകഥനം). ഉം - ഊ എന്നു ദീർക്കും.

മലയാളത്തിലെ ശീലഭാവിയുടെ സ്ഥാനത്ത് ആര്യഭാഷകൾ (സംസ്കൃതം, ഇംഗ്ലീഷ്) വർത്തമാനകാലം പ്രയോഗിക്കുന്നു. 'ജൂണിൽ കോളജ് തുറക്കുന്നു. 'ഇടവപ്പാതിക്ക് മഴ തുടങ്ങുന്നു.' രണ്ടിടത്തും ഉം ആണ് വരേണ്ടിയിരുന്നത്. ഈ രീതി ഇപ്പോൾ മലയാളത്തിൽ സാർവത്രികമായിട്ടുണ്ട്.

മൂന്നാമത്തെ ഭാവികാലമാണ് അവധാരകഭാവി. അവധാരണം എന്ന പദത്തിന് ഉറപ്പിച്ചു പറയൽ എന്നാണ് പ്രസിദ്ധമായ അർഥം. 'വിധി'യും 'നിശ്ചയ'വും അവധാരണാർഥം സൂചിപ്പിക്കും. അവധാരണത്തെ കുറിക്കുന്ന ഭാവി അവധാരകഭാവി. ഇവിടെയും ഭാവിയുടെ നേരർഥമില്ല. അവധാരാണാർഥം കാണിക്കാൻ വാക്യത്തിലെ ഒരു പദത്തോട് ഏ എന്ന നിപാതം ചേർക്കുന്നു. ക്രിയയാണെങ്കിൽ ഊ എന്ന ഭാവിപ്രത്യയം ചേർത്താൽ മതിയാകും. 'നാക്കെടുത്താൽ കള്ളമേ പറയൂ; പഠിച്ചാലേ പരീക്ഷയിൽ 'ജയിക്കൂ' (ഏ-ഊ). സംസ്കൃതത്തിൽ ഏവ എന്ന നിപാതം അവധാരാണാർഥം കുറിക്കും. സത്യം ഏവ ജയതേ നാനൃതം(സത്യമേ ജയിക്കൂ, കള്ളം ജയിക്കുകയില്ല) ഇത്തരത്തിൽ ഭാവികാലപ്രത്യയമായ ഉം ന് പ്രയോഗതലത്തിൽ പലവിധം മാറ്റങ്ങൾ സംഭവിക്കുന്നു.

* കടപ്പാട്: ഗോപി, ആദിനാട്, പ്രൊഫ., മലയാളം ഭാഷ വ്യാകരണം, പ്രയോഗം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019.

** ഗോപിക്കുട്ടൻ, പ്രൊഫ., മലയാളവ്യാകരണം, കറന്റ് ബുക്സ്, കോട്ടയം, 2002.

# ക്രിക്കറ്റിൽ കേരളത്തിന് ഗർജിക്കുന്ന മുഖം



ഗോപൻ അമ്പാട്ട്

നൂറ്റാണ്ടുകൾക്കുമുമ്പ് തെക്കൻ ഇംഗ്ലണ്ടിലെ സസെക്സിനും കെന്റിനും ഇടയിലുള്ള പുൽമേടുകളിൽ കാലികളെ മേയ്ച്ചു നടന്ന ഇടയബാലന്മാർ സമയം കൊല്ലാൻ കണ്ടുപിടിച്ച കളിയാണ് ക്രിക്കറ്റ്. കുറേക്കാലം കഴിഞ്ഞപ്പോൾ മുതിർന്നവരും ഈ കളി പഠിച്ചു. പതിനെട്ടാം നൂറ്റാണ്ടോടെ ക്രിക്കറ്റിന് ഇംഗ്ലണ്ടിന്റെ ഒട്ടുമിക്ക പ്രദേശങ്ങളിലും പ്രചാരം ലഭിച്ചു. ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ഉദ്യോഗസ്ഥരായിരിക്കും ഇന്ത്യയിലേക്ക് ക്രിക്കറ്റ് കൊണ്ടുവന്നത്. രണ്ടു നൂറ്റാണ്ടിനുള്ളിൽ ഇന്ത്യയിൽ ഏറ്റവും ആരാധകരുള്ള കളിയായി എന്നതും കളിക്കാർ ഏറ്റവും കൂടുതൽ പേരും പണവും സമ്പാദിക്കുന്ന കളിയായി ഈ 'പരിഷ്കൃത കുട്ടിയും കോലും' കളിമാറി എന്നതും പച്ചപ്പരമാർഥമാണ്.

ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ 'ആഷസ്' മത്സരമാണ് രഞ്ജി ട്രോഫി. 90 വർഷത്തെ ചരിത്രമാണ് അതിനുള്ളത്. സ്വാതന്ത്ര്യം കിട്ടി പത്തു വർഷത്തിനുള്ളിൽ കേരളവും രഞ്ജിട്രോഫി കളിക്കാൻ ആരംഭിച്ചു. മറ്റുള്ള ടീമുകൾക്ക് പോയിന്റ് ഉണ്ടാക്കാനാണ് ആദ്യകാലത്ത് കേരളം കളിച്ചിരുന്നത് എന്നു തോന്നിപ്പിച്ചിരുന്നു. എന്നാൽ, 2025 ൽ രഞ്ജി ട്രോഫി ഫൈനൽ കളിച്ചു കേരളം മലയാളികളെപ്പോലും ഞെട്ടിച്ചിരിക്കുകയാണ്. ഫൈനലിൽ സമനില നേടിയെങ്കിലും ആദ്യ ഇന്നിങ്സിൽ വഴങ്ങിയ 37 റൺസിന്റ ലീഡ് രഞ്ജിട്രോഫിയിൽ മുത്തമിടാനുള്ള കേരളത്തിന്റെ പ്രതീക്ഷ തകർത്തുകളഞ്ഞു വിദർഭ ചാമ്പ്യനായി, കേരളം റണ്ണേഴ്സ് അപ്പും.

തോൽക്കും എന്ന നിലയിൽ നിന്ന് പൊരുതിനേടിയ അവിസ്മരണീയവിജയങ്ങൾ. ഫൈനൽ വരെ തുടർന്ന ആ അശ്വമേധം എക്കാലവും ഓർമിക്കപ്പെടും. കേരളത്തിനായി ഹെൽമറ്റ് വരെ 'ഫീൽഡ്' ചെയ്ത കാഴ്ച അദ്ഭുതാവഹം. ക്വാർട്ടറിലും സെമിയിലും ഒപ്പംനിന്ന ഭാഗ്യത്തിന്റെ കാറ്റ് ഫൈനലിൽ വീശിയില്ല. ലീഡ് പ്രതീക്ഷയുടെ വക്കിൽ സച്ചിൻ ബേബിയുടെ അസമയത്തെ ഒരു ഷോട്ട് കളിയുടെ ഗതിമാറ്റി. അല്ലെങ്കിൽ ഒരു പക്ഷേ, കേരളം ലീഡ് പിടിച്ചേനെ. കന്നിക്കിരീടവും സ്വന്തമായേനെ. അതുപോലെ കരുൺ നായരുടെ ക്യാച്ച് നഷ്ടപ്പെടുത്തിയത് നിർണായകമായി. കരുണെന്ന വന്മതിലാണ് കേരളത്തിനു കിരീടം കൈയെത്താദൂരത്താക്കിയതും വിദർഭയ്ക്ക് കിരീടം ഉറപ്പിച്ചതും.

പെരുമയുള്ള പല വമ്പൻ ടീമുകളെയും അട്ടിമറിച്ചാണ് ടീം കേരള ഫൈനൽ വരെയെത്തിയത്. അതിൽ അമയ് ഖുറാസിയ എന്ന പരിശീലകൻ വലിയ പ്രതീക്ഷ തരുന്നു. ഒരു സാധ്യതയും കല്പിക്കാത്ത ടീം ഫൈനൽ വരെയെത്തി. നമ്മുടെ ടീം ഇനിയും അദ്ഭുതങ്ങൾ ആവർത്തിക്കുമെന്നു പ്രത്യാശിക്കാം. വെറ്ററൻ താരങ്ങൾക്കൊപ്പം ഒരുപിടി യുവതാരങ്ങളും വരുംകാലത്തേക്ക് കേരളത്തിനു പ്രതീക്ഷ നൽകുന്നു. സൽമാൻ നിസാറിന്റെ ഒറ്റയാൾപോരാട്ടങ്ങൾ, ക്ഷമയിൽ കെട്ടിപ്പടുത്ത മുഹമ്മദ് അസ്ഹറുദീന്റെ ക്ലാസിക് സെഞ്ചുറി. ജലജിന്റെയും സർവാതെയുടെയും നിധീഷിന്റെയും മികച്ച പ്രകടനങ്ങൾ.

ഇതിനുമുമ്പ് കേരള ക്രിക്കറ്റ് എന്നാൽ ടിനു യോഹന്നാനും ശ്രീശാന്തും സഞ്ജു സാംസണും മാത്രമായിരുന്നു ഭാരതത്തിനെങ്കിൽ, ഇന്ന് കേരളടീമിനെ പോരാളികളുടെ ഒരു സംഘമായിട്ടാണ് കാണുന്നത്. തോൽവിയുടെ വക്കിൽനിന്നുപോലും പൊരുതിക്കയറാനുള്ള ആത്മവിശ്വാസവും പക്വതയും പ്രദർശിപ്പിക്കുന്ന പ്രൊഫഷണലായ ഒരു ടീം. അതാണ് കേരളത്തിന്റെ ചുണക്കുട്ടികൾ ഇപ്പോൾ. വ്യക്തിപരമായ മികവിനുപരിയായി കൂട്ടായ പ്രയത്നംകൊണ്ട് വിജയങ്ങൾ നേടുന്ന ഒരു സംഘമായി മാറിയിരിക്കുന്നു കേരള ക്രിക്കറ്റ് ടീം. ആശംസകൾ!

■



# ചേർത്തുനിർത്തലും നേർവഴിനടത്തലുമാണ് ശിക്ഷണം



അഡ്വ. ചാർളി പോൾ

വിലക്കു ലംഘിച്ച് സ്കൂളിൽ കൊണ്ടുവന്ന മൊബൈൽ ഫോൺ വാങ്ങിവച്ചതിനു പ്രിൻസിപ്പലിനുനേരേ വധഭീഷണി മുഴക്കുന്ന പ്ലസ്‌വൺ വിദ്യാർഥിയുടെ വീഡിയോദൃശ്യം മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചിരുന്നു. സംഭവത്തിന്റെ പശ്ചാത്തലത്തിൽ കുട്ടിയെ, അധ്യാപകരെ, കുടുംബങ്ങളെ, പുതുതലമുറയെ ഒക്കെ തങ്ങളാലാകുംവിധം സമൂഹം കുറ്റവിചാരണ നടത്തി. എന്നാൽ, സ്കൂളിൽ ചേർന്ന അധ്യാപക-രക്ഷാകർത്തൃസമിതി കുട്ടിക്കു കൗൺസലിങ് നൽകാനും കുട്ടിയുടെ പെരുമാറ്റപ്രശ്നത്തിനു സ്കൂളിന്റെ ഭാഗത്തുനിന്നു സാധിക്കുന്ന കാര്യങ്ങൾ ചെയ്യാനും സ്കൂളിന്റെ ഭാഗമാക്കി ചേർത്തുനിർത്താനും തീരുമാനിച്ചു. ഇതാണ് ഉചിതമായ തീരുമാനം. കുട്ടിയെ നഷ്ടപ്പെടുത്താതെ ചേർത്തുപിടിക്കലും നേർവഴിനടത്തലുമാണ് രക്ഷാകരമായ സമീപനം. ഇതുതന്നെയാണു ശിക്ഷണസമീപനവും.

എഴുത്തുകാരനായ സി. വി. ബാലകൃഷ്ണന്റെ 'വംശധാര' എന്ന ചെറുകഥയിൽ തെറ്റുപറ്റിപ്പോയ മകനെ അപ്പൻ തിരുത്തുന്ന സന്ദർഭമുണ്ട്. തെറ്റു പറ്റിപ്പോയതിന്റെ പേരിൽ അപ്പന്റെ മുന്നിൽ കുറ്റബോധത്തോടെ വിങ്ങിനിൽക്കുന്ന മകൻ. അവനെനോക്കി അപ്പൻ ചോദിച്ചു: "നീ എന്തായിത്തീർന്നിരിക്കുന്നു മോനേ?" സങ്കടം സഹിക്കാതെ അവൻ പറഞ്ഞു: "ഒരു പരട്ട ചെറ്റ." ഉടനെ അപ്പൻ എഴുന്നേറ്റ് മകനെ മുറുകെ കെട്ടിപ്പിടിച്ചു. അപ്പന്റെ ദൃഢാശ്ലേഷത്തിൽ മകനു ശ്വാസംമുട്ടി. "നീ എനിക്കു പ്രിയപ്പെട്ടവനാടാ." അപ്പൻ ഉറക്കെപ്പറഞ്ഞു. അപ്പോൾ ഒരു പ്രാവ് തന്റെ ചുമലിലേക്കു പറന്നിറങ്ങിയതായി മകനു തോന്നി. ഇതാണ് ശിക്ഷണശാസ്ത്രം.

റൗഡികളായ കുട്ടികളെ ആട്ടിൻകുട്ടികളാക്കി മാറ്റിയ കഥ പ്രൊഫ. എം.കെ. സാനു പങ്കുവയ്ക്കുന്നുണ്ട്. ആലപ്പുഴ സനാതനധർമഹൈസ്കൂളിലാണ് സാനുമാസ്റ്റർ അധ്യാപകനായി ആദ്യം ജോലിയിൽ പ്രവേശിക്കുന്നത്. അവിടെ അഞ്ചാം ക്ലാസിൽ പഠിക്കുന്ന മൂന്നു വിദ്യാർഥികൾ പിച്ചാത്തിയുമായി ഹെഡ്മാസ്റ്റർ വി.എസ്. താണു അയ്യരെ കുത്താൻ ചെന്നിട്ടുള്ളവരാണ്. അവരെ ശരിയാക്കാനുള്ള ദൗത്യം ഹെഡ്മാസ്റ്റർ ഏല്പിച്ചപ്പോൾ അതു വിജയകരമായി സാനുമാസ്റ്റർ നിർവഹിച്ചു. അവരെ നന്നാക്കിയതെങ്ങനെ എന്ന ഹെഡ്മാസ്റ്ററുടെ ചോദ്യത്തിനു സാനുമാസ്റ്ററുടെ മറുപടി ഇങ്ങനെ: "ഞാൻ ഒന്നുമാത്രം ചെയ്തു സാർ, അവരുടെ മനുഷ്യത്വം അംഗീകരിച്ചു, അത്രമാത്രം. റൗഡികൾ എന്നുപറഞ്ഞ കുട്ടികൾ ഇപ്പോൾ ആട്ടിൻകുട്ടികളെപ്പോലെയാണ്." സ്നേഹംകൊണ്ട് കുട്ടികളെ സ്വാധീനിച്ച് മനഃപരിവർത്തനം സാധ്യമാക്കുകയാണ് സാനുമാസ്റ്റർ ചെയ്തത്.

ഒരുപക്ഷേ, ഇന്നു സ്നേഹംകൊണ്ടുമാത്രം അവരെ നല്ലവരാക്കാൻ കഴിഞ്ഞെന്നുവരില്ല. അവരനുഭവിക്കുന്ന മാനസികപീഡനങ്ങൾക്കും പ്രശ്നങ്ങൾക്കും പെരുമാറ്റവൈകല്യങ്ങൾക്കും മനഃശാസ്ത്രസമീപനങ്ങളും ചികിത്സയും വേണ്ടിവന്നേക്കാം. വ്യത്യസ്തമായ വൈകാരിക-മാനസിക-ബിഹേവിയറൽ അവസ്ഥകളുള്ളവരെ പ്രത്യേകം പ്രത്യേകമായി സമീപിച്ച് പ്രശ്നപരിഹാരം കണ്ടെത്തേണ്ടിവരും. കുടുംബങ്ങളിലെ പേരന്റിങ് വീഴ്ചകൾ, ലൈംഗികചൂഷണം, മൊബൈൽ അഡിക്ഷൻ, ലഹരിയുപയോഗം, നിഷേധാത്മകശൈലി, തിരസ്കരണചിന്ത, മറ്റു പ്രതിസന്ധികൾ, പരാജയങ്ങൾ എന്നിവ കുട്ടികളിൽ ഉണ്ടാക്കുന്ന ആഘാതങ്ങൾ വളരെ സങ്കീർണമാണ്. പാരമ്പര്യം, സാഹചര്യങ്ങളുടെ സ്വാധീനം, വൈയക്തികപ്രകൃതം എന്നിവയാണ് ഒരു വ്യക്തിയുടെ വികാരങ്ങളെയും പെരുമാറ്റങ്ങളെയും സ്വാധീനിക്കുന്ന ഘടകങ്ങൾ. ശിക്ഷ വിധിക്കുംമുമ്പ് ഇക്കാര്യങ്ങളെ ശാസ്ത്രീയമായും മനഃശാസ്ത്രപരമായും സമീപിച്ച് രക്ഷയുടെ സമീപനങ്ങളാണ് മാതാപിതാക്കളും അധ്യാപകരും സ്വീകരിക്കേണ്ടത്. കൗൺസലിങ്, തെറാപ്പികൾ, ചികിത്സ എന്നിവയെല്ലാം വേണ്ടിവന്നേക്കാം.

കുട്ടികളെ ശിക്ഷിക്കാനുള്ള അവസരം നഷ്ടപ്പെട്ടതാണ് പ്രശ്നങ്ങൾക്കു കാരണമെന്നു ചിലർ പറയുന്നുണ്ട്. തെറ്റുധാരണയാണത്. വളരാനും വളർത്താനുമുള്ള സാഹചര്യമൊരുക്കലും ശരി-തെറ്റുകളെക്കുറിച്ചുള്ള ബോധാവബോധം പകരലുമാണ് ശിക്ഷണശാസ്ത്രം. 'ശിക്ഷ' എന്ന വാക്കിന് ബോധനം, പരിശീലനം എന്നാണർഥം. തെറ്റു ബോധ്യപ്പെടുത്തുക, ശരി ചെയ്യാൻ പരിശീലിപ്പിക്കുക - അതാണ് ശിക്ഷകൊണ്ടുദ്ദേശിക്കുന്നത്, അല്ലാതെ ശാരീരികമായും മാനസികമായും മുറിവേല്പിക്കലല്ല. പല ശാരീരികശിക്ഷകളും കോപത്തിന്റെ ആവിഷ്കാരമാണ്. അതു ഗുണം ചെയ്യില്ലെന്നുമാത്രമല്ല; മറിച്ച്, നിരവധി ദോഷങ്ങൾക്കിടവരുത്തുകയും ചെയ്യും. വേദനിപ്പിച്ചും മുറിവേല്പിച്ചും ഒരിക്കലും ഒരാളെയും നന്നാക്കിയെടുക്കാൻ കഴിയില്ലെന്നു നിരവധി പഠനങ്ങളുടെ അടിസ്ഥാനത്തിൽ തെളിയിക്കപ്പെട്ടിട്ടുണ്ട്. ശിക്ഷണമെന്നാൽ വളരാൻ, വളർത്താൻ സഹായിക്കലാണ്. അതിനു സ്നേഹവും സ്നേഹപൂർവകമായ തിരുത്തലും പങ്കുവയ്ക്കലുമാണു വേണ്ടത്. കുട്ടികളെ തളർത്താതെ, തെറ്റു തിരുത്താനും നേർവഴി തേടാനും പ്രേരിപ്പിക്കുന്നതാകണം ശിക്ഷണസമീപനം. തിരുത്തലും ഉൾക്കാഴ്ചയും നൽകാനാണ് ശിക്ഷണം ഉപകരിക്കേണ്ടത്. ചുരുക്കത്തിൽ, കുട്ടിയെ വീണ്ടെടുക്കാൻ സാധിക്കുന്നതാകണം ശിക്ഷണസമീപനങ്ങൾ.

■

# കരുത്തനും പണ്ഡിതനുമായ സഭാതനയൻ



1

ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ഈ** ഫെബ്രുവരി 21-ാം തീയതി യൂജേൻ കാർഡിനൽ തിസ്സറാങ്ങിന്റെ 53-ാം ചരമവാർഷികമായിരുന്നു. ഇരുപതാംനൂറ്റാണ്ടിൽ സീറോ മലബാർ സഭയുടെ ഏറ്റവും വലിയ അഭ്യുദയകാംക്ഷിയായിരുന്ന കാർഡിനൽ തിസ്സറാങ്ങ് ദിവംഗതനായത് 1972 ഫെബ്രുവരി 21-ാം തീയതി തന്റെ 87-ാം വയസ്സിലാണ്. കത്തോലിക്കാസഭയിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്ന കർദിനാൾ, ഫ്രഞ്ച് അക്കാദമി എന്ന പ്രശസ്ത സാഹിത്യസാംസ്കാരികസമിതിയിൽ 1962 മുതൽ അംഗമായിരുന്നു.

**ഫ്രഞ്ച് അക്കാദമി**

ഫ്രാൻസിൽ പതിമ്മൂന്നാം ലൂയിസ് രാജാവിന്റെ പ്രധാനമന്ത്രിയായിരുന്ന കർദിനാൾ റിഷ്ല്യൂ 1634 ൽ ഫ്രഞ്ചുഭാഷയുടെ വ്യാകരണവും നിഘണ്ടുവും കൃത്യതയോടെ കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കുന്ന ചുമതല നിർവഹിക്കാനായി ആരംഭിച്ച സമിതിയാണ് ഫ്രഞ്ച് അക്കാദമി. അംഗങ്ങളുടെ എണ്ണം നാല്പതായി നിശ്ചയിച്ചതും അക്കാദമിയുടെ നിയമാവലി തയ്യാറാക്കിയതും കർദിനാൾ റിഷ്ല്യൂ ആയിരുന്നു. ആദ്യത്തെ നാല്പതംഗങ്ങളെ നിയമിച്ചത് രാജാവുതന്നെയാണ്. അവരുടെ കാലാവധി മരണംവരെയാണെന്നും നിശ്ചയിച്ചു. അന്നുമുതൽ അക്കാദമിയംഗങ്ങളെ 'അമർത്ത്യർ' എന്നു വിളിച്ചുതുടങ്ങി. ഒരു സീറ്റിൽ ഒഴിവുവരുമ്പോൾ ആ സീറ്റിലേക്കാണ് പുതുതായി ഒരാളെ അക്കാദമിയംഗങ്ങൾ തിരഞ്ഞെടുക്കുന്നത്. സാഹിത്യകാരന്മാർ, കവികൾ, ശാസ്ത്രജ്ഞന്മാർ, രാഷ്ട്രീയനേതാക്കൾ, പുരോഹിതശ്രേഷ്ഠർ തുടങ്ങിയവരുടെ പ്രതിനിധികൾ അക്കാദമിയിൽ ഉണ്ടായിരിക്കണമെന്നാണ് അലിഖിതനിയമം. ഒരു സീറ്റിലേക്കു തിരഞ്ഞെടുക്കപ്പെടുന്ന ആൾ തന്റെ മുൻഗാമിയെക്കുറിച്ച് സമഗ്രമായ ഒരു പ്രഭാഷണം നടത്തണം. തുടർന്ന്, അക്കാദമിയംഗങ്ങളിൽ ഒരാൾ പുതിയ അംഗത്തെ സ്വാഗതം ചെയ്തുകൊണ്ട് വിശദമായ ഒരു പ്രഭാഷണം നടത്തും.

1960 ൽ ഭൗതികശാസ്ത്രജ്ഞനായ മേറീസ് ദ് ബ്രോയിയുടെ നിര്യാണത്തെത്തുടർന്ന് അക്കാദമിയുടെ മുപ്പത്തിയേഴാം നമ്പർ സീറ്റിലേക്ക് 1962 ൽ യൂജേൻ കാർഡിനൽ തിസ്സറാങ് തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തെ സ്വാഗതം ചെയ്തുകൊണ്ട് അക്കാദമിയിലെ പ്രശസ്തനായ വ്ളാദിമിർ ദ് ഒർമസോൺ എന്ന ഫ്രഞ്ച് നയതന്ത്രജ്ഞൻ ചെയ്ത സുദീർഘമായ പ്രഭാഷണത്തിലെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു:

1940 ജൂൺമാസത്തിൽ ഹിറ്റ്ലറിന്റെ ജർമൻസൈന്യം ഫ്രാൻസിനെ കീഴടക്കിയ നാളുകളിലാണ് ദ് ഒർമെസോൺ വത്തിക്കാനിൽ കാർഡിനൽ തിസ്സറങ്ങിനെ ആദ്യമായി കാണുന്നത്. ഫ്രാൻസിന്റെ പരാജയത്തിൽ ഇരുവരും ഏറെ ദുഃഖിതരായിരുന്നുവെന്ന് പ്രഭാഷണത്തിന്റെ ആരംഭത്തിൽ ദ് ഒർമെസോൺ ഓർമിക്കുന്നു.

തുടർന്ന്, അദ്ദേഹം തന്റെ പ്രസംഗത്തിൽ കർദിനാൾ തിസ്സറാങ്ങിന്റെ ജീവചരിത്രം വിവരിച്ചു. കത്തോലിക്കാവിശ്വാസപാരമ്പര്യവും ഫ്രഞ്ച് റിപ്പബ്ലിക്കൻ മൂല്യങ്ങളും കൈമുതലായുള്ള ഒരു കുടുംബത്തിലാണ് യൂജേൻ തിസ്സറാങ് 1884 മാർച്ച് 24-ാം



തീയതി ഭൂജാതനായത്. അദ്ദേഹത്തിന്റെ കുടുംബം നൂറ്റാണ്ടുകളായി ഫ്രാൻസ് രാജ്യത്തിന്റെ വടക്കുകിഴക്കൻ പ്രവിശ്യയായ ലൊറോനിലാണു വസിച്ചിരുന്നത്. ലൊറേനിലെ നാൻസി എന്ന പട്ടണത്തിലാണ് യൂജേൻ ജനിച്ചതും വളർന്നതും. അദ്ദേഹത്തിന്റെ പിതാവും പിതാമഹനും വെറ്ററിനറി ഡോക്ടർമാരായിരുന്നു. പിതൃസഹോദരനും യൂജേന്റെ ജ്ഞാനസ്നാനപിതാവുമായിരുന്ന യൂജേൻ തിസ്സറാങ്ങിന് വലിയ ഒരു ഗ്രന്ഥശേഖരമുണ്ടായിരുന്നു. ഭാവിയിൽ വത്തിക്കാൻ ലൈബ്രറിയുടെ അമരക്കാരനായി മാറിയ കർദിനാൾ തിസ്സറാങ്ങിന് ചെറുപ്പത്തിൽത്തന്നെ ലൈബ്രറിയുമായി പരിചയപ്പെടാനിടയായി! യൂജേന്റെ മാതാപിതാക്കളുടെ ആറുമക്കളിൽ മൂന്നുപേർ സഭാശുശ്രൂഷകരായി. കർദിനാളിനെക്കൂടാതെ ഒരു സഹോദരി കന്യാസ്ത്രീയും ഒരു സഹോദരൻ സന്ന്യാസവൈദികനും. സഹോദരി ലൊറേനിൽത്തന്നെ അധ്യാപികയായും സഹോദരൻ നാല്പത്തിമൂന്നു വർഷം ആഫ്രിക്കയിൽ മിഷനറിവൈദികനായും സേവനമനുഷ്ഠിച്ചു.

പതിനൊന്നു വയസ്സുള്ളപ്പോൾ വൈദികനാകണമെന്ന് യൂജേൻ തീരുമാനമെടുത്തു. നിശ്ചയദാർഢ്യം യൂജേൻ തിസ്സറാങ്ങിന്റെ ചെറുപ്പംമുതലുള്ള സ്വഭാവസവിശേഷതയാണ്. അതുകൊണ്ട് ആ തീരുമാനത്തിനു മാറ്റംവന്നില്ല.

സ്കൂൾപഠനകാലത്ത് സയൻസ്വിഷയങ്ങളാണ് യൂജേൻ ഇഷ്ടപ്പെട്ടിരുന്നത്. 1900 ത്തിൽ സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കി നാൻസിയിലെ മേജർ സെമിനാരിയിൽ യൂജേൻ ചേർന്നു. വൈദികനായശേഷം ഗണിതശാസ്ത്രപഠനം തുടരണമെന്നാഗ്രഹിച്ചിരിക്കുമ്പോൾ സെമിനാരിയിലെ പ്രൊഫസർമാരുടെ സ്വാധീനത്തിനു വിധേയനായി പ്രാചീനപൗരസ്ത്യഭാഷാപഠനമാരംഭിച്ചു. യൂജേന്റെ ആധ്യാത്മികപിതാവായിരുന്ന മോൺ. ചാൾസ് റുഷ് ആണ് ഭാഷകൾ പഠിക്കാനുള്ള യൂജേന്റെ അഭിരുചി തിരിച്ചറിഞ്ഞ് പ്രോത്സാഹനം നല്കിയത്. മോൺ. ചാൾസ് റുഷ് പിന്നീട് സ്ത്രാസ്ബുർഗ് രൂപതയുടെ മെത്രാനായിത്തീർന്നു. അക്കാലത്തും യൂജേന്റെ ആധ്യാത്മികനിയന്താവായി അദ്ദേഹം തുടർന്നു. നാല്പതു വർഷക്കാലം യൂജേൻ തിസ്സറാങ്ങിന്റെ ആധ്യാത്മികപിതാവായിരുന്നത് മോൺ. ചാൾസ് റുഷ് ആയിരുന്നു.

സെമിനാരിപഠനകാലത്തുതന്നെ സുറിയാനിയും അറബിക്കും ഭാഷകളുടെ വ്യാകരണം ശ്രദ്ധാപൂർവം യൂജേൻ പഠിച്ചു. അതിനുപുറമേ, ഹീബ്രു, അസീറിയൻ ഭാഷകളും പഴയനിയമപഠനത്തിനായി അഭ്യസിച്ചുതുടങ്ങി. മോൺസിഞ്ഞോർ ചാൾസ് റുഷിന്റെ അഭ്യർഥനപ്രകാരം നാൻസിയിലെ മെത്രാൻ യൂജേൻ തിസ്സറാങ്ങ് എന്ന സെമിനാരിവിദ്യാർഥിയെ ജെറുസലേമിലേക്കയച്ചു. അവിടെ അദ്ദേഹത്തിനു ഭാഷാപഠനത്തിനു മാർഗദർശിയായി വർത്തിച്ചത് ബൈബിൾപണ്ഡിതനായ ലഗ്രാൻഷ് ഒ.പി.യാണ്. ഒരുനിമിഷംപോലും നഷ്ടപ്പെടുത്താതെ ഒന്നിനുപിറകേ ഒന്നായി യൂജേൻ പ്രാചീനഭാഷകൾ പഠിക്കുകയും അപൂർവഗ്രന്ഥങ്ങളും കൈയെഴുത്തുപ്രതികളും വാങ്ങി സൂക്ഷിക്കുകയും ചെയ്തു. കഠിനാധ്വാനം എക്കാലവും തിസ്സറാങ്ങിന്റെ ജീവിതവ്രതമായിരുന്നുവെന്നു ദ് ഒർമെസോൺ ഇത്തരുണത്തിൽ പ്രസ്താവിക്കുന്നു. പഠിക്കാനിനി ഭാഷകൾ ഇല്ലല്ലോ എന്ന ഒരു പരാതിയേ ഈ യുവാവിന് ഉണ്ടായിരുന്നുള്ളൂ എന്ന് യൂജേൻ തിസ്സറാങ്ങിനെപ്പറ്റി അന്ന് ജറുസലേമിൽ പലരും ഒതുക്കം പറഞ്ഞിരുന്നു!

രാജ്യനിയമമനുസരിച്ച് സൈന്യസേവനത്തിനായി 21-ാം വയസ്സിൽ 1905 ൽ യൂജേൻ ഫ്രാൻസിലേക്കു മടങ്ങി. സൈന്യസേവനത്തിനുശേഷം പാരീസിലെ കാത്തലിക് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു രണ്ടു വർഷംകൊണ്ട് ഹീബ്രു, സുറിയാനി, അറബിക്, എത്യോപ്യൻ, അസ്സീറിയൻ എന്നീ ഭാഷകളിൽ ഡിപ്ലോമ സമ്പാദിച്ചു. അതേസമയം, സൊർബോൺ യൂണിവേഴ്സിറ്റിയിൽനിന്ന് അറബ്സാഹിത്യത്തിലും ഡിഗ്രി സമ്പാദിച്ചു. പുരാവസ്തുഗവേഷണവും പുരാതനലിപികളും സംബന്ധിച്ച പഠനങ്ങളിലും ലൂവ്ര് മ്യൂസിയത്തിലെ പഠനകേന്ദ്രത്തിൽ നടന്നിരുന്ന ക്ലാസ്സുകളിൽ തിസ്സറാങ്ങ് പങ്കെടുത്തു. അറമായഭാഷയിലുള്ള പപ്പീറസ് കൈയെഴുത്തുരേഖകൾ പഠനവിധേയമാക്കി ലേഖനങ്ങൾ പ്രസിദ്ധീകരിക്കാനും ഈ യുവഗവേഷകനു സാധിച്ചു.

1907 ഓഗസ്റ്റ് നാലാം തീയതി നാൻസി രൂപതയ്ക്കുവേണ്ടി യൂജേൻ തിസ്സറാങ്ങ് മിശിഹായുടെ പുരോഹിതനായി തിരുപ്പട്ടം സ്വീകരിച്ചു. പുരോഹിതദൗത്യനിർവഹണത്തിന് പ്രഥമസ്ഥാനം നല്കാൻ യൂജേൻ തിസ്സറാങ്ങ് എന്നും ശ്രദ്ധിച്ചിരുന്നു എന്ന് അദ്ദേഹത്തെ അടുത്തറിഞ്ഞിരുന്ന വ്ളാദിമിർ ദ് ഒർമെസോൺ തന്റെ പ്രസംഗത്തിൽ എടുത്തുപറയുന്നുണ്ട്.

റോമിലെ അപ്പോളിനാരിയൂസ് കലാലയത്തിന് (ഇപ്പോഴത്തെ ലാറ്ററൻ യൂണിവേഴ്സിറ്റി) ഒരു സുറിയാനി പ്രൊഫസറെ ആവശ്യമായി വന്നപ്പോൾ അതിനായുള്ള അന്വേഷണം ചെന്നെത്തിയത് 24 വയസ്സുമാത്രമുള്ള ഈ നവവൈദികനിലാണ്. അങ്ങനെ 1908ൽ ഫാദർ യൂജേൻ തിസ്സറാങ്ങ് വത്തിക്കാനിലെത്തി. 'ഇതാ നമ്മുടെ അസ്സീറോളഗ്' എന്നു പറഞ്ഞുകൊണ്ടാണ് സ്റ്റേറ്റ് സെക്രട്ടറിയായ കർദിനാൾ മെറിദെൽവാൽ ഫാ. തിസ്സറാങ്ങിനെ സ്വീകരിച്ചത്! വത്തിക്കാൻ ലൈബ്രറിയുടെ ആർക്കൈവ്സിലും ഉത്തരവാദിത്വമുള്ള ചുമതലകൾ ഫാ. തിസ്സറാങ്ങിനെ പരിശുദ്ധപിതാവ് പത്താം പീയൂസ് മാർപാപ്പാ ഏല്പിച്ചു. 1908 ഡിസംബർ 23-ാം തീയതി പരിശുദ്ധപിതാവിനെ സന്ദർശിച്ചപ്പോൾ ഫാ. തിസ്സറാങ്ങിന്റെ യാമപ്രാർഥനപ്പുസ്തകത്തിൽ പത്താംപീയൂസ് മാർപാപ്പാ ഇപ്രകാരം എഴുതി: "ദൈവം അങ്ങയുടെ പ്രാർഥന ശ്രവിക്കുകയും അനുഗ്രഹാശിസ്സുകളാൽ അങ്ങയുടെ ജീവിതത്തെ നിറയ്ക്കുകയും ചെയ്യട്ടെ."


(തുടരും)

---




**ഫ്രാൻസിസ് മാർപാപ്പാ**
## ജീവിതം
**എന്റെ ജീവിതകഥ ചരിത്രത്തിലൂടെ**


പരിഭാഷ : പി.ജെ.ജെ. ആന്റണി
പ്രസാധനം : നോഹാസ് ആർക്ക്, കൊച്ചി
An imprint of V.C. Thomas Editions
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 375



ജീവിതമാകുന്ന അമൂല്യഗ്രന്ഥത്തിന്റെ താളുകൾ മറിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പാ നമ്മെ കൊണ്ടുപോകുന്നത് ആനന്ദവും വേദനയും രൂപപ്പെടുത്തിയ വൈകാരികവഴികളിലൂടെയാണ്. സമകാലത്തെ തികവോടെ ഉൾക്കൊള്ളാൻ സഹായകമായ പോയ കാലത്തേക്കുള്ള ഒരു ജാലകം.

## പാപവും മോചനവും

ഗ്രന്ഥകർത്താ: ഡോ. സി. വെള്ളരിങ്ങാട്ട്
പ്രസാധനം : ജീവൻ ബുക്സ്, ഭരണങ്ങാനം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 160



ആത്മാവിന്റെ ക്ഷതങ്ങളെ കണ്ടെത്താനും കാരണങ്ങൾ ആരായാനും സഹായമേകുന്ന സൗഖ്യത്തിനായുള്ള മരുന്നിന്റെ കൂട്ടുകൾ വെളിപ്പെടുത്താനും ഗ്രന്ഥകാരൻ ശ്രദ്ധിച്ചിരിക്കുന്നു. സഭാപ്രബോധനങ്ങളും സുവിശേഷവ്യാഖ്യാനങ്ങളും സഭാപിതാക്കന്മാരുടെ ഉദ്ധരണികളും ആധുനികലോകത്തിന്റെ വീക്ഷണങ്ങളും കൊണ്ടു സമ്പന്നമായ ഗ്രന്ഥം.

നോവൽ 6

# കാറ്റിന്റെ മർമരങ്ങൾ

സൂസൻ പാലാത്ര

**കാ**ലചക്രം അതിവേഗത്തിൽ തന്റെ താളുകൾ മറിച്ചുകൊണ്ടിരുന്നു. കുക്കിയെ ഒന്നു കാണാൻ ലിസി എത്ര കൊതിച്ചെന്നോ?

ഒരിക്കൽ ഡോറിനാന്റി തന്റെ സഹോദരിക്കൊപ്പം വിദേശപര്യടനത്തിനു പോയപ്പോൾ മാത്തുപ്പാപ്പൻ മക്കളെയുംകൊണ്ട് നാട്ടിൽ വന്നു. അപ്പോൾ ലിസിയുടെ വീട്ടുകാർ തറവാട്ടുകാരുമായി പിണക്കത്തിലായിരുന്നു. പോക്കുവരവില്ല. എന്നിട്ടും മാത്തുപ്പാപ്പൻ മക്കളെയുംകൊണ്ട് വീട്ടിൽവന്നു. എസ്കോർട്ടായി കൊച്ചുപ്പാപ്പൻ തിണ്ണയിൽ നിലകൊണ്ടു. അമ്മ ഞാലിപ്പൂവൻ പഴവും പരിപ്പുവടയും പാൽക്കാപ്പിയും നല്കി ആദരിച്ചു. പിറ്റേന്നത്തെ അത്താഴത്തിനു ക്ഷണിക്കുകയും ചെയ്തു. കൊച്ചുപ്പാപ്പൻ കൂടെയുള്ളതുകൊണ്ട് മാത്തുപ്പാപ്പൻകൂടി അറിയണം എന്നുദ്ദേശിച്ച തറവാട്ടിലെ വീതംവയ്പുകാര്യങ്ങളിലെ അനീതിയൊക്കെ സംസാരിക്കാനാവാതെ അപ്പന്റെ ഹൃദയത്തിലത് വിമ്മിട്ടമുണ്ടാക്കി.

ധരിച്ചിരുന്ന വസ്ത്രങ്ങളുടെ പോരായ്മയും സംസാരിക്കാനുള്ള ഭാഷയുടെ അപര്യാപ്തതയും നിമിത്തം കതകിനുമറഞ്ഞുനിന്ന് അവരെ കൺനിറയെ ക്കണ്ടു. ചെറുപ്പത്തിൽ പരസ്പരം സംസാരിക്കാൻ ഭാഷ ഒരു പ്രശ്നമല്ലായിരുന്നു. അന്ന് എന്തു പൊട്ടത്തരവും പറയാം. കുട്ടിക്കളിയായി കരുതും. എന്നാൽ, ഇന്നു നാണക്കേടാ.

അവർ തന്നെ സ്നേഹത്തോടെ അടുത്തുവിളിച്ചെങ്കിലും ഭാഷയും വേഷവും പ്രശ്നമായതിനാൽ, ലജ്ജനിമിത്തം പോയില്ല. അടുത്തുചെല്ലുകയോ ആലിംഗനം ചെയ്യുകയോ ചെയ്തില്ല. അതുനിമിത്തം, കറയറ്റ ആ സഹോദരബന്ധം തങ്ങൾക്കു തുടർന്നുകൊണ്ടുപോകാനായില്ല. അവർ പരിഷ്കൃതലോകത്തിന്റെ തിരക്കിലായി. ക്രമേണ അവർ തന്നെ പാടേ മറന്നു.

ധനികരായ സഹോദരങ്ങൾക്ക് ദരിദ്രരായ സഹോദരങ്ങളെ എളുപ്പം മറക്കാൻ കഴിയും. അത് ലോകത്തിന്റെ ഒരു അലിഖിത നിയമമാണ്.

കുക്കിയും ജോളിയും ഒരേ നിറത്തിലും ഡിസൈനിലുമുള്ള വേഷമാണു ധരിച്ചിരുന്നത്. ചുവപ്പിൽ കറുത്ത നീളൻവരകളുള്ള ടോപ്പും ഷർട്ടും. പാന്റ്സും അതേ നിറവും ഡിസൈനും.

മാത്തുക്കുട്ടിപ്പാപ്പൻ അകൽച്ചയുടെ കാര്യം അന്വേഷിച്ചപ്പോൾ കൊച്ചുപ്പാപ്പൻ പറഞ്ഞത്രേ, മാത്തുക്കുട്ടിയുടെ വീതത്തിലുള്ള പറമ്പിൽ പലതരത്തിലുള്ള തോന്ന്യാസങ്ങൾ നടത്തി പറമ്പു നശിപ്പിക്കാൻ തുടങ്ങിയതു തടഞ്ഞതിന്റെ പിണക്കമാണെന്ന്. സ്നേഹിച്ചിരുന്നവരെ, തെറ്റിദ്ധരിപ്പിച്ച് പിണക്കിക്കാൻ മറിയക്കുട്ടിക്കൊച്ചമ്മയും കൊച്ചുപ്പാപ്പനും അതിസമർഥരാണ്. അതൊക്കെ വർഷങ്ങൾക്കുശേഷം ഈപ്പച്ചൻ വന്നു പറഞ്ഞാണ് അറിഞ്ഞത്. ഈപ്പച്ചൻ ഒന്നുകൂടെ കൂട്ടിച്ചേർത്തു:

“അവര് ഭാഗംവയ്ക്കലെല്ലാം കഴിഞ്ഞു, ആകെയുള്ള സ്വത്തിന്റെ മുക്കാൽഭാഗവും, അതായത്, കാതലായതെല്ലാം കുഞ്ഞവറായ്ക്കാണ്. ആധാരവും അവിടന്നു മാറ്റി. അതു മൂലേക്കാരുടെ പത്താഴത്തിലാണെന്നും ഒരു ശ്രുതിയുണ്ട്. നിങ്ങളെയും അച്ചോയിയെയും അകറ്റിയാൽ പിന്നെ ഒന്നും പേടിക്കണ്ടല്ലോ. ബാക്കിയുള്ളോരൊക്കെ വിദേശത്തല്ലേ, അവർക്കിവിടെ എന്തിനാ സൊത്തുക്കൾ?”

വല്യമ്മച്ചി കൊച്ചുപ്പാപ്പന്റെ ഇഷ്ടത്തിനുമാത്രമേ പ്രാധാന്യം കൊടുക്കൂ. മലേഷ്യനപ്പച്ചൻ പറയുമ്പോലെ വല്യപ്പച്ചൻ ഒരു സൈനിങ് കമ്മീഷൻ മാത്രമാണ്. മാത്തുക്കുട്ടിപ്പാപ്പന്റെ ജീവനാ വല്യമ്മച്ചി. വല്യമ്മച്ചി പറയുന്നതെല്ലാം വേദപ്രമാണമാ മാത്തുപ്പാപ്പന്. തങ്ങളുടെ ഇടവകപ്പള്ളിയിലുള്ള, കോളജുവിദ്യാഭ്യാസമുള്ള ലാലമ്മയെക്കൊണ്ട് മാത്തുക്കുട്ടിപ്പാപ്പന്റെ കല്യാണം വല്യപ്പച്ചൻ വാക്കാൽ ഉറപ്പിച്ചതായിരുന്നു. ഡോറിനാന്റിയെ കെട്ടാൻ വല്യപ്പച്ചനിൽനിന്ന് അനുവാദം വാങ്ങിക്കൊടുത്തതു വല്യമ്മച്ചിയാണ്.

എല്ലാ ക്രിസ്മസിനും മാത്തുക്കുട്ടിപ്പാപ്പന്റെ ക്രിസ്മസ് കാർഡും ചെറിയതുകയും ലിസിയുടെ വീട്ടിലും കിട്ടുന്നതാണ്. നാളിതുവരെ അതു മുടങ്ങിയിട്ടില്ല. ഇത്തവണ പക്ഷേ, കാർഡ്മാത്രം.

അപ്പനെ മക്കളും അമ്മച്ചിയും ഇച്ചാച്ചൻ എന്നാണു വിളിക്കാറുള്ളത്. തന്നെക്കൊണ്ട് മാത്തുപ്പാപ്പന് ഒരു കത്തെഴുതിച്ചു. കാരണം,



ഇച്ചാച്ചന് ആസ്ത്മയുടെ ഉപദ്രവമുണ്ട്. ചികിത്സയിലാണ്. വലിയ കുടുംബത്തിൽ ജനിച്ചുവളർന്നതാണെങ്കിലും അപ്പൻ കഷ്ടപ്പെടുകയാണ്, കൈയിൽ അഞ്ചിന്റെ തുട്ടില്ലാതെ. സ്വത്തുള്ള വീട്ടിൽ ജനിച്ചതിനാൽ കൂലിപ്പണിപോലും ആരും വിളിച്ചുകൊടുക്കില്ല. ആരുടെമുന്നിലും അഭിമാനം പണയപ്പെടുത്താത്ത ഇച്ചാച്ചൻ സ്വന്തം പേരുവയ്ക്കാതെ എന്നാൽ മക്കളെഴുതിയതാണെന്നു തോന്നാത്ത രീതിയിൽ, കത്തെഴുതാൻ എല്ലാവരേം വിളിച്ചു. ലിസിക്കു കാര്യം മനസ്സിലായി. ഇച്ചാച്ചന്റെ കൈപ്പട ലിസിക്കേറ്റവും പ്രിയപ്പെട്ടതാണ്. നല്ല വടിവൊത്ത അക്ഷരം, ഇച്ചാച്ചന്റെ ഒപ്പിനുമുണ്ട് ചാരുതയേറെ. എ.എം. കുര്യൻ എന്ന് ഇംഗ്ലീഷിൽ അതിവേഗത്തിൽ എഴുതി അടിയിൽ വരയിടും. എ. എം. എന്ന ഇനിഷ്യൽസ് ആ രീതിയിൽ മറ്റാരും എഴുതി ലിസി കണ്ടിട്ടില്ല.

ലിസി ഇച്ചാച്ചനെ സഹായിക്കാൻ ഒരു വരികൂടി കൂട്ടിച്ചേർത്തു: ഉണ്ണാനില്ല, ഉടുക്കാനില്ല, വളരെയേറെ കഷ്ടപ്പെടുന്നു. സത്യത്തിൽ അതാണു സത്യവും.

മാത്തുക്കുട്ടിപ്പാപ്പൻ ക്ഷമാപണം അറിയിച്ചുകൊണ്ട് മറുപടിക്കത്തും കുറച്ചു പണവും അയച്ചുതന്നു.

എന്നിട്ടു പറഞ്ഞു, ബേബീ നിനക്ക് നല്ല ബിസിനസ്സ് ആണെന്നും വരുമാനം ഉണ്ടെന്നും അറിഞ്ഞതുകൊണ്ടാണ് ഞാൻ കാശയക്കാഞ്ഞത്. നീ ആ ബിസിനസും കളഞ്ഞോ?

ഇച്ചാച്ചൻ വാപൊളിച്ചിരുന്നുപോയി. ഏതു ബിസിനസ്? എന്തെല്ലാം നുണകളാണ് തന്നെക്കുറിച്ച് കുഞ്ഞവറായുടെ കുടുംബം അവരുടെ സ്വാർഥലാഭങ്ങൾക്കുവേണ്ടി പ്രചരിപ്പിക്കുന്നത്? തന്റെ എളിയ കുടുംബത്തെ രണ്ടുകാശു തന്ന് ആരും സഹായിക്കരുത്. അതാണവരുടെ ലക്ഷ്യം. അതിനുവേണ്ടിയാണ് തന്നെ വല്ലപ്പോഴും ഒരു മുട്ടുശാന്തിക്കു സഹായിക്കുന്ന പാപ്പനിച്ചായനോടും മാത്തുക്കുട്ടിയോടും അവർ ഇത്തരത്തിൽ നുണകൾ പടച്ചിറക്കുന്നത്.

എന്നാലും ഇച്ചാച്ചൻ പെറ്റമ്മയോടുപോലും പരാതിപറഞ്ഞില്ല. അങ്ങനെ ചെയ്താൽ വല്യമ്മച്ചി പിരാകുമെന്ന് ഇച്ചാച്ചനു ഭയമാണ്.

ലിസി ചോദിച്ചു: “ഇച്ചാച്ചാ, നമ്മളെന്തിനാ കരോട്ടുകാരോടു പെണങ്ങിയേ”

അപ്പൻ പറഞ്ഞു: “പൊന്നുമോളേ, എല്ലാം ചതിയാരുന്നെടീ. എല്ലാം മനസ്സിലാക്കിവരുമ്പോഴേക്കും കാലോം തീരും”

ലിസിക്ക് ഒന്നും സ്പഷ്ടമായില്ല. എങ്കിലും കുറെക്കാര്യങ്ങൾ പിടിത്തംകിട്ടി.

ബേബിയുടെ പിള്ളേർക്കു തിന്നാൻ കപ്പ വേണം. ആ ചെവിക്കുന്നേൽ ഒരു രണ്ടേക്കർ വില്ക്കാനുണ്ട്. അതു വാങ്ങിക്കൊടുത്താ അതുങ്ങളു വേലയെടുത്തു തിന്നോളും. പലതവണ റോയിച്ചായനെ വിളിച്ചിരുത്തി മലേഷ്യേലെ അപ്പച്ചന് കത്തെഴുതിച്ചത് കൊച്ചുപ്പാപ്പനാണ്.

മലേഷ്യേലെ അപ്പച്ചനാണ് കൂടുതൽ കാശു മുടക്കിയത്. പക്ഷേ, കൊച്ചുപ്പാപ്പന്റെ പേരിൽ സ്ഥലമെഴുതി. തന്റെ അപ്പൻ വെറും പണിക്കാരൻമാത്രമായി.

കപ്പക്കൃഷിക്കായി ആ റബർ തോട്ടത്തിലെ മരക്കുറ്റികളെല്ലാം പിഴുതെടുത്ത് ഇച്ചാച്ചന്റെ ആരോഗ്യം നശിച്ചു. ആസ്ത്മാ രോഗിയായി.

സ്ഥലം വാങ്ങിയ ഉടനെ റബർ സ്ലോട്ടർവെട്ടാൻ കൊടുത്തു. അങ്ങനെ കടുംവെട്ടിനുശേഷം റബർമരങ്ങളും, ആ പറമ്പിലുണ്ടായിരുന്ന കായ്ക്കുന്ന പ്ലാവുകളും മുത്തശ്ശിയാഞ്ഞിലികളും അഞ്ചാറു തേക്കുമരങ്ങളും റബറുമെല്ലാം തടിക്കച്ചവടക്കാർക്കു വിറ്റു. മരക്കുറ്റികൾ പറിച്ചുമാറ്റാൻ ആരും വന്നില്ല. “ചുമ്മാ മക്കക്ക് തിന്നാൻ പറ്റോ, നന്നായി പണിയാൻ'' പറഞ്ഞു ഇച്ചാച്ചനോട്. അമ്മ പശുവിനെ വളർത്തി വളരെ കഷ്ടപ്പെട്ടുണ്ടാക്കുന്ന ആഹാരവും കഴിച്ച്, ഒരു കച്ചത്തോർത്തും തലയിൽ കെട്ടി, പൊരിവെയിലിൽ, ഞായർ ഒഴികെ ബാക്കി എല്ലാദിവസവും ഇച്ചാച്ചൻ പോയി പറമ്പു കിളച്ചുമറിച്ചു. ആഴത്തിൽ വേരോടിയ മരക്കുറ്റികളെല്ലാം പറിച്ചെടുത്തു. ഭൂമി കിളച്ചുമറിച്ച് കാടുംപടർപ്പും തീയിട്ട്, തറവാട്ടുപറമ്പിലെ കുടികിടപ്പവകാശം ചോദിച്ച് ഒഴിഞ്ഞുമാറാതെ വഴക്കുപിടിച്ചുകിടക്കുന്ന തങ്കനെ പാട്ടിലാക്കി അയാളുടെ കാളവണ്ടിയിൽ, അമ്മ വല്ലവരുടെയും പറമ്പുകളിൽനിന്നു പുല്ലു പറിച്ചുതീറ്റുന്ന പശുക്കളുടെ ചാണകവും ചാരവുംകൂടെ കൊണ്ടുപോയി കാലാമുഴുവൻ കപ്പ നടാൻ വെട്ടിമൂടി. അഞ്ചാറേക്കർ പറമ്പ് തറവാടിനോടു ചേർന്നു കിടക്കുന്നതിലെ മുഴുവൻ ആദായവും കുഞ്ഞവറായാണ് എടുക്കുന്നത്. ഒരുതല പുല്ലുപോലും പറിക്കാൻ സമ്മതിക്കില്ല, തീ കത്തിക്കാൻ ഒരു ഓലപോലും എടുപ്പിക്കില്ല. അയൽപക്കത്തുള്ള മറ്റു ബന്ധുക്കളുടെയും മറ്റുള്ളവരുടെയും പറമ്പുകളിൽനിന്നാണ് പശുക്കൾക്ക് പുല്ലും ആടിനു തീറ്റകളും അടുപ്പിൽ കത്തിക്കാനുള്ള വിറകും അമ്മ സ്വരൂപിക്കുന്നത്.

അമ്മയുടെ സ്വന്തംവീട്ടിൽ ധാരാളം ഭൂസ്വത്തുണ്ട്. അമ്മ എല്ലാവരുടെയും ഓമനയായിരുന്നു. അവർക്ക് അമ്മയുടെ ഈ അതിജീവനം കാണുമ്പോൾ അതിശയമാണ്. എങ്കിലും സഹനപുത്രിയായ അമ്മ ചിരിച്ച മുഖത്തോടെ, ചിരി മായാതിരിക്കാൻ ശ്രദ്ധയോടെ ആരോടും പരാതിയൊന്നും പറയാതെ കഷ്ടപ്പെട്ടു.

തന്റെ അപ്പൻ ആരോഗ്യം വകവയ്ക്കാതെ കഷ്ടപ്പെട്ട് ആ റബർത്തോട്ടം കപ്പക്കാലായ്ക്കായി ഒരുക്കിയെടുത്തു. കപ്പ നട്ടു, സമയാസമയങ്ങളിൽ ഇട കിളച്ചതും, കള ചെത്തിയതും, വളമിട്ടതുമെല്ലാം ഇച്ചാച്ചൻ തനിച്ച്. പുറത്തുനിന്ന് വേറേ പണിക്കാരെയൊന്നും വിളിച്ച് കൂലി കൊടുക്കാതിരിക്കാൻ കൊച്ചുപ്പാപ്പൻ ശ്രദ്ധിച്ചു. വല്യമ്മച്ചി, കൊച്ചുപ്പാപ്പന്റെ ഉപായങ്ങൾ അറിഞ്ഞിട്ടും തിരുത്താൻ ഭാവിച്ചില്ല. പകരം വല്യപ്പച്ചനിൽനിന്നു സത്യങ്ങൾ മറച്ചുവയ്ക്കുകയും ചെയ്തു.

നല്ല വിളവു കിട്ടി. കപ്പചെത്തുകാർ എല്ലാവരുംകൂടി എത്തിയപ്പോൾ എന്തു രസമായിരുന്നു! തറവാട്ടുപറമ്പിലെ കെ.കെ. റോഡ് സൈഡിലുള്ള പഞ്ഞിനില്ക്കുന്ന തൊടിയിലിട്ടാണ് കപ്പ ചെത്തും കപ്പവാട്ടും ആദ്യവർഷംനടത്തിയത്. കപ്പ പെറുക്കാൻ ലിസിയും സഹോദരിമാരും ചുമന്നുകൂട്ടാൻ സഹോദരന്മാരും തന്നാലാവും വിധം എന്ന മട്ടിൽ മത്സരബുദ്ധിയോടെ പ്രവർത്തിച്ചു. എന്നാൽ, കപ്പച്ചാക്കുകൾ മുഴുവനും പണിക്കാരെ നിർത്തി അവർ തറവാട്ടിലേക്കെത്തിച്ചു. ലിസിയുടെ അപ്പൻ ഒരു ചാക്കു കപ്പയ്ക്കായി കേണു. കുഞ്ഞവറാ ഒരു കുട്ടിച്ചാക്കുകപ്പപോലും നല്കിയില്ല. വഞ്ചന മനസ്സിലായ അപ്പൻ പിന്നീട് ആ കൂലിയില്ലാ വേലയ്ക്കു പോയില്ല.

സർക്കാരിലെ അളവുകളും തൂക്കവും വിഭാഗക്കാർ വന്ന് ത്രാസും കട്ടിയുമെല്ലാം കണ്ടുകെട്ടികൊണ്ടുപോയി. ത്രാസും കട്ടികളും അപ്പന്റെ കടംകയറി മുടിഞ്ഞ കടയിലേതായിരുന്നു. അതും പൊക്കോട്ടേ എന്ന് അപ്പൻ വീണ്ടും ഉദാരമനഃസ്ഥിതി പ്രകടിപ്പിച്ചു. എന്നും നഷ്ടം അപ്പനുമാത്രമാണല്ലോ.

അടുത്തവർഷം ആ കപ്പക്കാലായിലിട്ടുതന്നെ അവർ കപ്പചെത്തും വാട്ടും ഉണക്കും നടത്തി. കാളവണ്ടിയിൽ കപ്പച്ചാക്കുകൾ തങ്ങളുടെ വീട്ടുമുറ്റത്തെത്തിച്ച് അവിടെനിന്നു തറവാട്ടിലേക്ക് പണിക്കാരെക്കൊണ്ട് ചുമപ്പിച്ചു കയറ്റി.

പിറ്റേവർഷം ബ്ലോക്കുകാരുടെ നേതൃത്വത്തിൽ അവിടെ വീണ്ടും റബർകൃഷി തുടങ്ങി.

*ശേഷം 14-ാം പേജിൽ*

# സെലെൻസ്കി ഓവൽഓഫീസിൽനിന്ന് സ്വയം ഇറങ്ങിയതോ ഇറക്കിവിട്ടതോ?



നേർമൊഴി

ഫാ. മാത്യു ചന്ദ്രൻകുന്നേൽ

**ക**ഴിഞ്ഞദിവസം വൈറ്റ് ഹൗസിലെ ഓവൽ ഓഫീസിൽ അസാധാരണമായ സംഭവങ്ങൾ അരങ്ങേറി. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും യുക്രെയ്ൻ പ്രസിഡന്റ് സെലെൻസ്കിയുമായി പരസ്യമായ വാഗ്വാദം നടന്നു. സന്തോഷത്തോടെയല്ലാതെ സെലെൻസ്കി വൈറ്റ് ഹൗസ് വിട്ടു. പ്രസിഡന്റ് ട്രംപും വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസും ചേർന്ന് ഇറക്കിവിട്ടതാണെന്ന വാർത്തയും അന്തരീക്ഷത്തിലുണ്ട്. അമേരിക്ക സെലെൻസ്കിയെ തള്ളിയെങ്കിലും യൂറോപ്യൻരാജ്യങ്ങളിൽനിന്നു പിന്തുണ ലഭിച്ചത് യുക്രെയ്ൻപ്രസിഡന്റിന് ആശ്വാസമായി. അതുകൊണ്ടുമാത്രം സെലെൻസ്കിക്കു പിടിച്ചുനില്ക്കാനാകുമോ?

ഇരുനേതാക്കളും തമ്മിലുണ്ടായ ചൂടുപിടിച്ച വാഗ്വാദങ്ങൾ സ്വാഭാവികമായി സംഭവിച്ചതാണോ അമേരിക്ക തന്ത്രപരമായി സൃഷ്ടിച്ചെടുത്തതാണോ എന്ന ചോദ്യം ബാക്കിനില്ക്കുന്നു. യുക്രെയ്ൻ-റഷ്യൻയുദ്ധം അവസാനിപ്പിക്കുന്നതിന് അമേരിക്ക യുക്രെയ്ൻപ്രസിഡന്റിനുമേൽ സമ്മർദം ചെലുത്തിയതാണെന്ന രാഷ്ട്രീയനിരീക്ഷണം ചർച്ചകൂടാതെ തള്ളാനാവുകയില്ല. യുദ്ധം അവസാനിപ്പിക്കണമെന്നും താൻ പ്രസിഡന്റായാൽ ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ സമാധാനം സ്ഥാപിക്കുമെന്നും ട്രംപ് തിരഞ്ഞെടുപ്പു പ്രചാരണവേദികളിൽ പറഞ്ഞിരുന്നു. യുദ്ധത്തിൽനിന്നു പിന്മാറാൻ സെലെൻസ്കി വിസമ്മതിച്ച സാഹചര്യത്തിൽ സമ്മർദത്തിന്റെ ഭീഷണി ഉയർത്തിയതാകാനുള്ള സാധ്യതയുണ്ട്. അമേരിക്കയുടെ പിന്തുണയും സാമ്പത്തികസഹായവും കൂടാതെ യുക്രെയ്ന് യുദ്ധരംഗത്തു തുടരാനാവുമെന്നു കരുതുന്നതിൽ യുക്തിയില്ല. കാരണം, നാറ്റോ ബഡ്ജറ്റിന്റെ 22 ശതമാനം നൽകുന്നത് അമേരിക്കയാണ്.

കഴിഞ്ഞദിവസം ഓവൽ ഓഫീസിൽ നടന്നത് നയതന്ത്ര ചർച്ചയായിരുന്നു. അത്തരം ചർച്ചകളുടെ സാധാരണനടപടിക്രമങ്ങൾ ഈ ചർച്ചയിൽ പാലിച്ചിരുന്നില്ലെന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. ഉയർന്ന ഉദ്യോഗസ്ഥരും നയതന്ത്രവിദഗ്ധരും തമ്മിൽ നടത്തുന്ന ചർച്ചകൾക്കൊടുവിലാണ് നേതാക്കന്മാർ തമ്മിൽ സംസാരിക്കുക. ഇവിടെ നേതാക്കന്മാർ തമ്മിൽ പ്രത്യേക മുന്നൊരുക്കചർച്ചകൾ കൂടാതെ നേരിട്ടു സംസാരിക്കുകയായിരുന്നു. അതാണ് തർക്കത്തിലും അകൽച്ചയിലും കലാശിച്ചത്. സെലെൻസ്കിയെ ഒതുക്കാൻ അമേരിക്ക കരുതിക്കൂട്ടി ഒരുക്കിയ കെണിയാണിത് എന്നു നിരീക്ഷിക്കുന്നവരുണ്ട്. സെലെൻസ്കി ഏകാധിപതിയാണെന്നും യോഗത്തിനുമുമ്പ് പ്രസിഡന്റ് ട്രംപ് വിളിച്ചുപറഞ്ഞു. അമേരിക്കയുടെ ഔദാര്യത്തിലാണ് യുക്രെയ്നെന്നു പറയാനും ട്രംപ് മടിച്ചില്ല. ഇതിനിടയിൽ 35,000 കോടി ഡോളർ സഹായം അമേരിക്കയുടെ ഭാഗത്തുനിന്നുണ്ടായി. യുക്രെയ്ൻ നാറ്റോ അംഗത്വത്തിനുവേണ്ടി ശ്രമിക്കുന്നുണ്ടെന്ന അമേരിക്കയുടെ വെളിപ്പെടുത്തൽകൂടി ചേർത്തുവായിക്കുമ്പോൾ കരുതലോടെ ട്രംപ്ഭരണകൂടം സെലെൻസ്കിയെ വലയിൽ കുരുക്കുകയായിരുന്നു എന്നു വ്യക്തമാകുന്നു.



യൂറോപ്യൻ യൂണിയന്റെ സാമ്പത്തികസഹായമില്ലാതെ യുക്രെയ്ന് യുദ്ധരംഗത്തു തുടരാനോ യുദ്ധക്കെടുതികളെ അതിജീവിക്കാനോ കഴിയുകയില്ല. റഷ്യൻഭീഷണിയിൽനിന്നു മോചനം നേടുന്നതിനാണ് സെലെൻസ്കി യൂറോപ്യൻ സുരക്ഷാസഖ്യമായ നാറ്റോയിൽ അംഗത്വം ആവശ്യപ്പെടുന്നത്. അതു തടയുക എന്നത് റഷ്യയുടെയും ആവശ്യമാണ്. അതിനുവേണ്ടിയാണ് റഷ്യ യുക്രെയ്ൻ ആക്രമിച്ചത് എന്നു കരുതുന്നവർ കുറവല്ല. അമേരിക്ക ഈ വിഷയത്തിൽ റഷ്യയുമായി ചില നീക്കുപോക്കുകളുണ്ടാക്കിയാൽ യുക്രെയ്നിന്റെ ഒരു പ്രദേശം റഷ്യയ്ക്കു ലഭിക്കും. ധാതുസമ്പത്തുള്ള മറ്റു പ്രദേശങ്ങളിൽ അമേരിക്കയ്ക്കു ഖനനം നടത്തി സമ്പത്തു വർധിപ്പിക്കാം. കച്ചവടക്കാരനും അമേരിക്ക ഒന്നാമത് എന്നു ചിന്തിക്കുന്നവനുമായ പ്രസിഡന്റ് ട്രംപ് അതിനൊന്നും മടിക്കുകയില്ലെന്നു പൊതുവെ കരുതപ്പെടുന്നു. അമേരിക്കൻ സാന്നിധ്യം യുക്രെയ്നിൽ ഉള്ളിടത്തോളംകാലം യുക്രെയ്ൻ സുരക്ഷിതമായിരിക്കുമെന്ന സന്ദേശവും ഈ തന്ത്രത്തിനു പിന്നിലുണ്ട്.

ഏതായാലും കുടുങ്ങിയത് യുക്രെയ്നും യൂറോപ്യൻരാജ്യങ്ങളുമാണ്. ട്രംപുമായി കൊമ്പുകോർത്തു തിരിച്ചെത്തിയ സെലെൻസ്കിക്കു വലിയ സ്വീകരണമാണു യൂറോപ്പിൽ ലഭിച്ചത്. അമേരിക്കയെ മാറ്റിനിർത്തി റഷ്യയുടെ ആക്രമണത്തിൽനിന്നു യുക്രെയ്നെ സംരക്ഷിക്കാൻ യൂറോപ്യൻശക്തികൾക്കു കഴിയുമെന്നു കരുതാനാവില്ല. അങ്ങനെവരുമ്പോൾ ട്രംപ്ഭരണകൂടത്തിന്റെ തന്ത്രം വിജയിക്കും. വഴങ്ങാത്തവരെ സാമ്പത്തിക ഉപരോധംമൂലവും ഭീഷണിവഴിയും ദുർബലപ്പെടുത്തി കീഴിലാക്കുക എന്ന നയം പലവട്ടം അമേരിക്ക പരീക്ഷിച്ചിട്ടുള്ളതാണ്.

യുക്രെയ്നോടുള്ള അമേരിക്കൻസമീപനം ലോകരാഷ്ട്രങ്ങൾക്കുള്ള മുന്നറിയിപ്പായി കരുതണം. വഴങ്ങിയില്ലെങ്കിൽ തിരിച്ചടി ഉറപ്പ്. സ്വതന്ത്രഭരണറിപ്പബ്ലിക്കുകളോടുള്ള അമേരിക്കയുടെ അനാദരവായോ കടന്നുകയറ്റമായോ ഇത്തരം നീക്കങ്ങളെ വ്യാഖ്യാനിക്കാമെങ്കിലും അമേരിക്കയുടെ വളർച്ചയും ആധിപത്യവുമാണ് അവർക്ക് പരമപ്രധാനമെന്നതുകൊണ്ട് എതിർപ്പുകളെ അവർ അവഗണിക്കുന്നു. ■

# നല്ലവരാകേണ്ട നിന്റെ മക്കൾ എങ്ങനെ കൊല്ലുന്നവരായി?

(1-ാം പേജ് തുടർച്ച)

എം.ഡി.എം.എ, ബ്രൗൺ ഷുഗർ, ഹാഷിഷ് ഓയിൽ, ഹെറോയിൻ തുടങ്ങിയ ലഹരിവസ്തുക്കളുടെ ഉപയോഗം കൂടിയിരിക്കുന്നു. എം.ഡി.എം.എ കേസുകളാണ് മുന്നിൽ. 3107.525 ഗ്രാമാണ് 2024 ൽ കോഴിക്കോട് മാത്രം ജില്ലാ നർക്കോട്ടിക് സെൽ പിടികൂടിയത്. ഗ്രാമിന് പതിനായിരത്തിലധികം രൂപയാണ് ഇതിനു വില. 2023 ൽ 2116 ഗ്രാമായിരുന്നു പിടികൂടിയത്. മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ ആശങ്കയുയർത്തുന്ന കണക്കുകളാണ്. ബംഗളൂരു, ചെന്നൈ നഗരങ്ങളിൽമാത്രമുണ്ടായിരുന്ന ന്യൂജൻ ലഹരിവസ്തുക്കളുടെ ഉപയോഗവും വില്പനയും കേരളത്തിലെ നാട്ടിൻപുറങ്ങളിൽ വരെ സുലഭമാണ്. കഞ്ചാവും മദ്യവുമൊക്കെ ഉപയോഗിച്ചിരുന്നവർ രാസലഹരിയിലേക്കു വഴിമാറുന്നെന്നാണ് പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത്. വിദ്യാർഥികളെ ലക്ഷ്യമിട്ടാണ് വില്പന വ്യാപകമാവുന്നത്.

ഇതിനുപുറമേ സമൂഹത്തിൽ അക്രമവാസന വളർത്തുന്ന സിനിമകൾ ധാരാളമായി ഇറങ്ങിക്കൊണ്ടിരിക്കുന്നു. മനുഷ്യന്റെ അക്രമവാസനയെയും അസഹിഷ്ണുതയെയും വിറ്റു കാശാക്കാൻ അക്രമങ്ങളും കൊലപാതകങ്ങളും ലൈംഗികാതിക്രമങ്ങളുമായി സിനിമകൾ എത്തിക്കൊണ്ടേയിരിക്കുന്നു. ഇത്തരം ക്രിമിനലിസം കുത്തിനിറച്ച സിനിമകൾ കാണുന്ന കുട്ടികൾക്ക് ശരിയേത്, തെറ്റേത് എന്ന വിവേചനാശക്തിപോലും നഷ്ടപ്പെട്ടുപോകുന്നു. ഇവിടെയാണ് നല്ലതും ചീത്തയും കുട്ടികൾക്കു മനസ്സിലാക്കിക്കൊടുക്കാൻ അധ്യാപകരും മാതാപിതാക്കളും ശ്രദ്ധിക്കേണ്ടത്.




ഇന്ത്യയിലെ ഏറ്റവും അക്രമാസക്തമായ ചിത്രമെന്ന കുപ്രസിദ്ധിയോടെയിറങ്ങിയ 'മാർക്കോ' തുടങ്ങിയ സിനിമകൾ പണം വാരിക്കൂട്ടി വിജയിക്കുന്ന ഈ കാലത്ത് നാട്ടിലാകെ, പ്രത്യേകിച്ച് യുവാക്കൾക്കിടയിൽ കുറ്റകൃത്യങ്ങൾ വർധിക്കുന്നതിൽ അതിശയിക്കാനില്ല. അടുത്തയിടെ കോടികളുടെ ക്ലബ്ബിൽ കയറിയ മിക്ക സിനിമകളും വയലൻസ് നിറഞ്ഞവയാണ്. സമൂഹത്തിലെ കുറ്റകൃത്യങ്ങൾക്കെല്ലാം കാരണം സിനിമയെന്നല്ല പറയുന്നത്. പക്ഷേ, സിനിമ യുവതലമുറയെയും സമൂഹത്തെയും സ്വാധീനിക്കുന്നു എന്നതിൽ രണ്ടുപക്ഷമില്ല.

കുട്ടികൾക്കിടയിൽ മാത്രമല്ല സമൂഹത്തിലാകെ ഇന്ന് അക്രമവും കൊലപാതകങ്ങളും ആത്മഹത്യകളും വർധിച്ചുവരുന്നു. ഇത്തരമൊരു സമൂഹത്തെയും അക്രമം പ്രോത്സാഹിപ്പിക്കുന്ന സിനിമകളെയും കണ്ടുവളരുന്ന കുട്ടികൾക്കു വഴിപിഴയ്ക്കുന്നതിൽ ആരെയാണ് കുറ്റപ്പെടുത്താൻ കഴിയുന്നത്?

കുറ്റകൃത്യങ്ങൾ തടയാൻ രാജ്യം നിയമസംഹിതകൾ നടപ്പാക്കുന്നുണ്ടെങ്കിലും, സാമൂഹികാന്തരീക്ഷം കുറ്റകൃത്യങ്ങൾക്കു പ്രചോദനം നൽകുന്നതെങ്കിൽ, നിയമങ്ങൾകൊണ്ട് ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നില്ല.

ഇതിനൊപ്പം കലാലയങ്ങളിൽ അരങ്ങേറുന്ന റാഗിങ് രീതികൾ അതിക്രൂരമാണ്. കോട്ടയത്ത് ഗവൺമെന്റ് നഴ്സിങ് കോളജിൽ റാഗിങ്ങുമായി ബന്ധപ്പെട്ടുണ്ടായ ക്രൂരതകളും അടുത്ത നാളുകളിലാണു കേട്ടത്. നഗ്നനാക്കിയശേഷം സ്വകാര്യഭാഗങ്ങളിൽ ഡംബൽ കെട്ടിത്തൂക്കുക, സൂചി ഉപയോഗിച്ചും കോമ്പസ് ഉപയോഗിച്ചും ശരീരത്തിൽ വരഞ്ഞു മുറിവുണ്ടാക്കി ലോഷൻ ഒഴിക്കുക തുടങ്ങിയ ക്രൂരകൃത്യങ്ങളാണ് അവിടെ റാഗിങ് എന്ന പേരിൽ നടത്തിയിരുന്നത്.

സഹജീവികളോടു കരുണ കാണിക്കാത്ത തലമുറ നാടിനാപത്താണ്. കരുണയും സഹാനുഭൂതിയും കാണിക്കാൻ കുട്ടികളെ പഠിപ്പിക്കേണ്ടിയിരിക്കുന്നു. ചെറിയ ആശാഭംഗംപോലും സഹിക്കാൻ കഴിയാത്ത മനോധൈര്യമില്ലാത്തൊരു തലമുറയാണ് നമുക്കു ചുറ്റുമുള്ളത്. പ്രണയനിരാസങ്ങളിൽ പ്രണയിനികളെ കൊലപ്പെടുത്തണമെന്നും അന്യനെ ഏതുവിധേനയും തോല്പിച്ചു ജയിക്കണമെന്നും തെറ്റായി ധരിച്ചിരിക്കുകയാണ് നമ്മുടെ യുവതലമുറ. വീടുകളിലായാലും സ്കൂളുകളിലായാലും കോളജുകളിലായാലും മനുഷ്യത്വവും നല്ല മൂല്യങ്ങളും സ്നേഹവും അച്ചടക്കവുമാണ് നമ്മെ നയിക്കേണ്ടതെന്ന് കുട്ടികളെ ബോധവത്കരിക്കേണ്ടിയിരിക്കുന്നു. ഇന്റർനെറ്റിന്റെയും സമൂഹമാധ്യമങ്ങളുടെയും വലയിൽ ലോകം കുടുങ്ങിയ ഇക്കാലത്ത് ഇത് കേരളത്തിന്റെമാത്രം പ്രശ്നമല്ലെങ്കിലും മൂല്യാധിഷ്ഠിതപാരമ്പര്യത്തിൽ അഭിമാനിക്കുന്ന നമ്മുടെ നാടിന് നമ്മുടെ കുട്ടികളെ നഷ്ടപ്പെട്ടുകൂടാ. നമ്മുടെ കുഞ്ഞുങ്ങളെ സ്നേഹത്തിന്റെ വലയിലേക്കു നമുക്കു ചേർത്തുനിർത്താനാകട്ടെ, വിദ്വേഷത്തിനുപകരം കരുണയുടെ സ്പർശം അവരിലൂടെ പകർന്നു നല്കാൻ കഴിയട്ടെ. ■

# കാറ്റിന്റെ മർമരങ്ങൾ

*11-ാം പേജ് തുടർച്ച*

ലിസി നാലാം ക്ലാസ്സിൽ പഠിക്കുമ്പോഴും ഈ ദുരനുഭവം ഉണ്ടായിട്ടുണ്ട്. വല്യപ്പന്റെ അയ്മനത്തെ തോട്ടംവിറ്റ കാശുകൊണ്ട് വണ്ടൻമേട്ടിൽ ആറേഴേക്കർ നല്ലഭൂമി വാങ്ങി. ഓറഞ്ചുതോട്ടവും നെല്ലിമരങ്ങളുടെ തോട്ടവും കൂടാതെ നെൽക്കൃഷിയും നടത്തി. അന്നും അവർ അപ്പനെ പറഞ്ഞുപറ്റിച്ചു. അപ്പനെയും മറ്റു സഹോദരങ്ങളെയും സ്ഥലംവിറ്റ കാര്യങ്ങൾ അറിയിച്ചില്ല. അന്നും അവിടെ പോയി പണിതത് ഇച്ചാച്ചനാണ്. അയ്മനത്ത് ഇരുപത്തഞ്ച് - ഇരുപത്താറ് റബർഷീറ്റു കിട്ടുമ്പോൾ വെട്ടുകാരൻ പന്ത്രണ്ട് എന്നൊക്കെ പറഞ്ഞ് കബളിപ്പിച്ചു. അതിനാലാണ് വിറ്റതെന്ന് പില്ക്കാലത്ത് അച്ചോയി പറഞ്ഞറിഞ്ഞു.

വണ്ടൻമേട്ടിൽ വാങ്ങിയത് മറിയക്കുട്ടിക്കൊച്ചമ്മയുടെ ആങ്ങളമാരുടെ സഹകരണത്തോടെയാണത്രേ.

അന്നും ഇച്ചാച്ചനെ പ്രധാന കൃഷിക്കാരനാക്കി. ഇച്ചാച്ചൻ 'നെല്ലിൻവെള്ളത്തിൽ' മറിഞ്ഞുപോയതാണെന്നു പറഞ്ഞ് അമ്മ പിന്നെ എന്തുമാത്രം കരഞ്ഞിട്ടുണ്ട്. അക്കാലത്ത് ലിസിയുടെ ഇളയസഹോദരൻ മോനു ന്യുമോണിയ ബാധിച്ച് മരണാസന്നനായി കങ്ങഴ ആശുപത്രിയിൽ ഐ സി യുവിലായി. പത്തമ്പലം ആശുപത്രിയിൽനിന്ന് ഉപേക്ഷിച്ചതാണ്. അമ്മയെയും മോനുവിനെയും ആശുപത്രിയിൽ അന്വേഷിക്കുന്നതും, വീട്ടിൽ പശുവിനെ കറക്കുന്നതും പാലെടുത്ത് കടകളിൽ കൊടുക്കുന്നതും, പശുവിന് കാടിയും പുല്ലും കൊടുക്കുന്നതും, ഇറക്കിക്കെട്ടുന്നതുമൊക്കെ റോയിച്ചായൻ. അഞ്ചാം തരത്തിൽ പഠിക്കുന്ന മേഴ്സി ഇളയത്തുങ്ങളെയും നോക്കി കഞ്ഞീംകറീം വച്ചുവിളമ്പും. വെറും നാലാംതരത്തിൽ പഠിക്കുന്ന ലിസി ചാണകംവാരും, ഗോമൂത്രംകോരും. പശുവിനും ആടിനും തീറ്റകൊടുക്കും. കഷ്ടപ്പാടിന്റെ ദിനങ്ങൾ. ഓരോ വയസ്സിനിളപ്പമെങ്കിലും ലിസിക്കിളയതായ ജാക്സൺ, സാജൻ, സുമ എന്നിവർ അറിവില്ലാപ്പൈതങ്ങളുടെ ലിസ്റ്റിൽ സമയാസമയത്ത് കൊടുക്കുന്ന ആഹാരം കഴിക്കുന്നവർമാത്രം.

രാവിലെ ജോലിതീർത്ത് സ്കൂളിലേക്കെത്തുമ്പോൾ രണ്ടാംമണിയും അടിച്ചിട്ടുണ്ടാകും. ക്ലാസ്സ്ടീച്ചറിന്റെ ചൂരലടി ഉറപ്പാണ്. ഒന്നും കഴിച്ചിട്ടുകൂടി ഉണ്ടാവില്ല, വെറും വയറ്റിൽ കിട്ടുന്ന അടി ശരീരത്തെ മൊത്തത്തിൽ തളർത്തും. ഉച്ചയ്ക്ക് വീട്ടിലേക്ക് ഒരൊറ്റയോട്ടമാണ്. വന്ന് ഇളയവർക്കു കൊടുത്തിട്ട് തങ്ങളും കഴിച്ചിട്ട് ഓടുമ്പോൾ എല്ലിനിടയിൽ ചോറു കയറുന്നതുപോലെ വേദനിക്കും.

മോനു ആശുപത്രിയിലാണെന്നും കുഞ്ഞുങ്ങൾ വിഷമിക്കുന്നു എന്നും അറിഞ്ഞ് അമ്മയുടെ ആങ്ങളമാർ ഒരുചാക്കു കുത്തരിയും ഉണക്കക്കപ്പയുമൊക്കെയായി വന്നു. അമ്മയുടെ അമ്മച്ചിയും വന്നു. അത് വലിയൊരാശ്വാസമായി.

മോനുവിന്റെ നില വഷളായി. അമ്മയ്ക്കാണെങ്കിൽ ഒരുതുണയ്ക്കാരുമില്ല. അമ്മയെ സഹായിക്കാൻ റോയിച്ചായൻ ഒപ്പംനിന്നു. പശുവിനെ കറവയും ചായക്കടകളിലോട്ടുള്ള പാലുവില്പനയും അവതാളത്തിലായി.

ഫോണും കാര്യങ്ങളുമൊന്നുമില്ല. എങ്കിലും അമ്മയുടെ പ്രാർഥനയുടെ ഫലംകൊണ്ടാകാം, ഇച്ചാച്ചൻ വന്നു. ഉത്തരവാദിത്വത്തോടെ ഡോക്ടറെക്കണ്ടു. അമ്മയുടെ മിന്നുമാല വിറ്റിട്ടായാലും കുഞ്ഞിന് മെച്ചപ്പെട്ട ചികിത്സ കിട്ടി. മോനുവിനെ ജീവിതത്തിലേക്കു മടക്കിക്കിട്ടി. എല്ലാവരും ദൈവത്തെ അതിരറ്റുവാഴ്ത്തി.

ആശുപത്രിയിലെ ബില്ലടക്കാൻ കൂടുതൽ പാൽതരുന്ന കറുത്തപശുവായ അമ്മിണിയെ അമ്മ വിറ്റു. എന്നും അമ്മയ്ക്ക് ഓരോ കറുത്ത പശു കാണും. പാൽ കുറച്ചുമാത്രംതരുന്ന, കള്ളച്ചുരത്ത് ശീലമാക്കിയ ചെമന്ന പശുമാത്രം കൂട്ടിലുണ്ട്. ഒഴിയാബാധപോലെ കൂട്ടിന് ദാരിദ്ര്യം തലയുയർത്തി നില്ക്കുന്നു.

വണ്ടൻമേട്ടിൽനിന്ന് ഇച്ചാച്ചൻ ഓറഞ്ചു കൊണ്ടുവന്നു. നാലഞ്ചെണ്ണം ലിസി മാറ്റിവച്ചു അവളുടെ കൂട്ടുകാരികൾക്കു നല്കാൻ. തറവാട്ടുകാർ പഴുത്ത നിറമുള്ളതെല്ലാം എടുത്തിട്ട് പത്തിരുപതു പച്ച ഓറഞ്ചാണ് തങ്ങൾക്കു നല്കിയത്. തങ്ങൾക്കുകിട്ടിയ ഒരു കുറ്റി നെല്ലിക്കയിൽനിന്നും അവൾ കൂട്ടുകാർക്കായി കുറെയെണ്ണം മാറ്റിവച്ചു, ക്ലാസ്സിൽക്കൊണ്ടെ കൊടുക്കാൻ.

ഇച്ചാച്ചൻ മടങ്ങിപ്പോയി. നെല്ലുവിളഞ്ഞ് കൊയ്ത്ത് അത്യാഘോഷത്തോടെ കൊണ്ടാടി. വലിയ പാണ്ടിലോറി നിറയെ നെല്ലിൻചാക്കുകൾ തങ്ങളുടെ വീടിന്റെ തിണ്ണയിൽ ചിക്കുപായിട്ട് അട്ടിയട്ടിയായി അടുക്കിയിട്ടു. പിന്നീട് ചാക്കുകൾ ഒന്നൊന്നായി തറവാട്ടിലെ പണിക്കാർ കരോട്ടേക്ക് എടുത്തുകൊണ്ടുപോയി. അഞ്ചാറ് ചാക്കുകൾമാത്രം അവശേഷിച്ചപ്പോൾ ഇച്ചാച്ചൻ പറഞ്ഞു:

"അതിവിടെ ഇരിക്കട്ടേ, എന്റെ ഓഹരി ഇവിടെയിരുന്നോട്ടേ" കുഞ്ഞവറാ സ്വതഃസിദ്ധമായ തന്റെ ചുണ്ടുകോട്ടിയുള്ള പരിഹാസച്ചിരി ചിരിച്ചു. "എനിക്കുള്ളതെന്നോ!, ആർക്കുള്ളതെന്നും ആരുണ്ണുമെന്നും നമുക്കുനോക്കാം."

മൂക്കറ്റം മദ്യപിച്ച കൊച്ചുപ്പാപ്പൻ പറഞ്ഞു: "ദേ ഇയാക്കൊള്ളതായീപ്പുഴുക്കൾ."

കൊച്ചുപ്പാപ്പൻ പുഴുക്കളെന്നു വിളിച്ചത് ലിസിയെയും സഹോദരങ്ങളെയുമായിരുന്നു.

ഇച്ചാച്ചന്റെ അഭിമാനത്തിനേറ്റ ഒരു വലിയ ക്ഷതമായിരുന്നത്. അമ്മയ്ക്കും എന്തിനേറെ കൊച്ചുകുട്ടിയും കുഞ്ഞാങ്ങളയുമായ മോനുവിനുപോലും അതൊരു ആഘാതമായിരുന്നു.

പ്രാവിൻ ചിറകെനിക്കേകു<br>
നാഥാ<br>
പറന്നു ഞാനെത്തിടട്ടെ<br>
നിൻസവിധേ<br>
പ്രാണപ്രിയാ ക്രിസ്താ<br>
തിരുമുഖം കാണ്മാൻ<br>
കൊതിയേറ്റം<br>
വർധിക്കുന്നേയെനിക്ക്<br>
തവസന്നിധേ<br>
ഞാനെത്തിടുമ്പോൾ<br>
മമ കണ്ണീരെല്ലാം<br>
തുടയ്ക്കണേയെൻ പ്രിയനേ<br>
ചാരത്തിരിക്കുവാൻ<br>
കൊതിയാവുന്നേ....

അമ്മച്ചിയേ ദേ ലിസിച്ചേച്ചി നുണപ്പാട്ടൊണ്ടാക്കി പാടുന്നു" സാജൻ വിളിച്ചുപറഞ്ഞു. അവനു പാട്ടിഷ്ടമാണ്, നന്നായി പാടുകയും ചെയ്യും. ആരെങ്കിലും ഒരു പാട്ടുപാടിയാൽ അവൻ അരികത്തോടി വന്നു ശ്രദ്ധിക്കും.

"അതു പിന്നെ അവളു പാട്ടും കഥകളുമൊക്കെ ഒണ്ടാക്കാൻ മിടുക്കിയല്ലേ."

അമ്മച്ചി അടുത്തുവന്നു പറഞ്ഞു: "എന്നതാ ഇത്രേം സങ്കടം, കർത്താവിനാരദ്ഭുതം ചെയ്യാൻ സമയംവല്ലോം വേണോ? എല്ലായിപ്പം മാറുവേലേ."

അമ്മച്ചി തുടർന്നു: "എന്റെ ദൈവമേ, ഇതുങ്ങളെ വൃത്തിയായിട്ടൊന്നിറക്കിവിടാൻ സഹായിക്കണേ, ജോലിയൊക്കെ കല്യാണം കഴിഞ്ഞിട്ടാണേലും കിട്ടും."

ലിസിക്കു നീരസം തോന്നി. അമ്മച്ചിക്ക്, ഒരു പെണ്ണിന്റെ ജീവിതത്തിലെ അവസാനവാക്കാണ് കല്യാണം.

താനാണെങ്കിൽ അമ്മച്ചിയുടെ കഷ്ടപ്പാടു കണ്ട് മടുത്തിട്ട് ഒരു സർക്കാർജോലി സ്വപ്നം കണ്ട് അതിനായി പ്രയത്നിക്കുകയാണ്.

മനഃപ്രയാസം വരുമ്പോൾ അവൾ തന്റെ ഹൃദയത്തിൽ നിന്നൊഴുകിവരുന്ന പാട്ടുകൾ പാടി സ്വയം ആശ്വസിക്കും.

പിന്നെയും ഓർമകൾ വട്ടമിട്ടു പറക്കുകയാണ്.

(തുടരും)

---

**പ്രാർഥന** **വിശുദ്ധ തോമസ് അക്വിനാസ്**

## മനോവികാസം

ദൈവമേ, ഇതാണ് എന്റെ പ്രാർഥന<br>
എതിർക്കാതെ വിധേയനാകാൻ,<br>
തളരാതെ ദാരിദ്ര്യം പുൽകാൻ,<br>
ആത്മാർഥമായി വിശുദ്ധി പാലിക്കാൻ<br>
പരാതി പറയാതെ ക്ഷമിക്കാൻ<br>
എന്നെ അനുഗ്രഹിക്കണമേ.<br>
അശ്രദ്ധനാകാതെ സന്തുഷ്ടനാകാൻ,<br>
നിരാശപ്പെടാതെ സഹിക്കാൻ,<br>
സംഘർഷം കൂടാതെ ഉണർന്നിരിക്കാൻ<br>
എന്നിൽ കൃപ ചൊരിയണമേ<br>
അലസതകൂടാതെ ശുഷ്കാന്തി വളർത്താൻ,<br>
അഹങ്കാരം വെടിഞ്ഞ് ആത്മബോധം ഉണർത്താൻ,<br>
ഗർവമില്ലാതെ ശാസിക്കാൻ,<br>
കാപട്യമില്ലാതെ പെരുമാറാൻ<br>
എനിക്കും വരം നൽകണമേ.<br>
നിന്റെ തിരുവിഷ്ടം തിരിച്ചറിയാൻ<br>
അതുൾക്കൊണ്ടു ജീവിക്കാൻ<br>
എനിക്കു ശക്തി തരേണമേ

(1225 -1274 കാലഘട്ടത്തിൽ ജീവിച്ച അക്വിനാസ് കത്തോലിക്കാസഭയിലെ ഒരു വലിയ താത്ത്വികനും തിയോളജിയനുമാണ്.)

- സമ്പാ. ഡോ. സി. വെള്ളരിങ്ങാട്ട്

---




**മാത്യൂസ് ആർപ്പൂക്കര** 6

## നെസി സത്യമോ മിഥ്യയോ?

1934 ൽ ക്രിസ്റ്റൻ സ്പർലിങ് എന്ന ഇംഗ്ലീഷുകാരനാണ് നെസിയുടെ ചിത്രം പ്രസിദ്ധീകരിച്ചത്. വെള്ളത്തിനുമീതേ തെന്നിനീങ്ങുന്ന ഭീകരസത്വത്തിന്റെ ചിത്രം കണ്ട് ജനങ്ങൾ ഞെട്ടി. എന്നാൽ, 60 വർഷങ്ങൾക്കുശേഷം സംഭവിച്ചത്? എന്തായിരുന്നു നെസി?

നീണ്ട കഴുത്തും തലയും കുതിരയുടേതുപോലുള്ള മുഖവുമായി വെള്ളത്തിനു മീതേ ഉയർന്നുനില്ക്കുന്ന രൂപം. ഒരു കറുത്ത വള്ളം മറിച്ചിട്ടതുപോലെ കാണപ്പെടുന്ന ശരീരത്തിന്റെ മുതുകുഭാഗം. ഓളങ്ങളില്ലാത്ത വെള്ളത്തിനുമീതേ ചിലപ്പോൾ ശീഘ്രം തെന്നിനീങ്ങുന്ന വിസ്മയക്കാഴ്ച! മറ്റുചിലപ്പോൾ വെള്ളത്തിൽ ശക്തിയായ അലകളുണ്ടാക്കി അതിവേഗം മുങ്ങാംകുഴിയിടും.

ഇതാണു നെസി. ലോകത്തിലെ ഏറ്റവും പേരുകേട്ട കടൽസത്വം! സ്കോട്ട്ലൻഡിലെ ലോക്നെസ്തടാകമാണതിന്റെ താവളം. ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കംമുതൽ ആയിരക്കണക്കിനു ടൂറിസ്റ്റുകൾ കണ്ടതായി അവകാശപ്പെടുന്ന ലോക്നെസ് തടാകത്തിലെ ഭീകരകടൽജീവി! നെസിയടക്കം പല കടൽജീവികളെപ്പറ്റിയും സത്യവും മിഥ്യയും കലർന്ന നൂറുനൂറു കഥകൾ!

അറുപതുവർഷങ്ങൾക്കുശേഷം ക്രിസ്റ്റ്യൻ സ്പർലിങ് തന്നെ അതൊരു തട്ടിപ്പായിരുന്നെന്ന് ആണയിട്ടുപറഞ്ഞു. എന്നാൽ, ലോകമെങ്ങുമുള്ള വിനോദസഞ്ചാരികൾ അതൊന്നും വിശ്വസിച്ചില്ല. വെള്ളത്തിലൂടെ സ്വയം സഞ്ചരിക്കുന്ന ഒരു വിചിത്ര ടോയ് ആയിരുന്നുപോലും! അത് അന്തർവാഹിനിയിൽ നീണ്ട കഴുത്തും തലയും ഉണ്ടാക്കിവച്ച് ഫോട്ടോയെടുത്തതായിരുന്നത്രേ!

പറഞ്ഞിട്ടൊരു കാര്യവുമില്ല. അക്കഥയൊന്നും വിശ്വസിക്കാനാവാത്തവിധം നെസി എന്ന ഭീകരസത്വം വർഷങ്ങളായി മനുഷ്യമനസ്സിൽ നീന്തിത്തുടിക്കുകയായിരുന്നു. ഇന്നും നെസിയെ കാണാൻ നൂറുകണക്കിനാളുകൾ സ്കോട്ട്ലൻഡിൽ എത്തുന്നു എന്നതാണ് വിചിത്രം.




അയർലണ്ടിന്റെ പുണ്യവാളനായ സെന്റ് കൊളംബയെപ്പറ്റി ഏഴാംനൂറ്റാണ്ടിൽ എഴുതപ്പെട്ട ഗ്രന്ഥത്തിലാണ് ആദ്യമായി നെസി കടന്നുവരുന്നത്. കൊളംബയുടെ അനുയായികളിലൊരാൾ ഒരിക്കൽ നെസ് നദി നീന്തിക്കടക്കുകയായിരുന്നു. പെട്ടെന്നു വെള്ളത്തിൽനിന്ന് അതിഭീകരനായ ഒരു കടൽസത്വം പൊന്തിവന്നു. വായും പൊളിച്ചു ഗർജിച്ചുകൊണ്ട് അത് അയാളുടെ അടുത്തേക്കു ചീറിപ്പാഞ്ഞുവന്നു. എന്നാൽ, കരയിൽ ഇതു കണ്ടുനിൽക്കുകയായിരുന്ന സെന്റ് കൊളംബ ഭീകരസത്വത്തിനു നേരേ കുരിശടയാളം വരച്ചു. ആ നിമിഷം ആ ഭീകരസത്വം വെള്ളത്തിലേക്ക് ഊളിയിട്ട് അപ്രത്യക്ഷമായി.

ലോക്നെസ് തടാകത്തിലെ ഭീകരസത്വം വിചിത്രസർപ്പമായും കുതിരത്തലയൻ ഭീകരജലജീവിയായുമൊക്കെ ആളുകൾ വിശ്വസിച്ചു. 1719 ൽ ഇംഗ്ലണ്ടിലെ നോട്ടിങ്ങാംഷെയറിലെ കരിങ്കൽക്വാറിയിൽനിന്നു ചരിത്രാതീതകാലത്തെ ഒരു വമ്പൻജലജീവിയുടെ ഫോസിൽ കണ്ടെത്തുകയുണ്ടായി. നെസിയെപ്പറ്റി പൊടിപ്പും തൊങ്ങലുംവച്ച കഥകൾ കേട്ടു തഴമ്പിച്ച മനുഷ്യമനസ്സിൽ അതോടെ അതൊരു ചരിത്രാതീതകാലഭീകരജീവിയായി പ്രതിഷ്ഠിക്കപ്പെട്ടു. പത്തൊമ്പതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ കൂടുതൽ ഫോസിലുകൾ കണ്ടെത്താനായതോടെ ഒട്ടനവധി ചരിത്രാതീതകടൽ ഉരഗങ്ങളെപ്പറ്റിയുള്ള വിവരണങ്ങൾ ജനങ്ങൾ വായിച്ചറിയാൻ തുടങ്ങി. പല ഭീകരകടൽജീവികൾ മനുഷ്യന്റെ ചിന്തയിലും ഭാവനയിലും വിഹരിക്കുകയായി. ദിനോസറെപ്പറ്റിയുള്ള പഠനങ്ങളും വന്നുകൊണ്ടിരുന്ന കാലമായിരുന്നത്. ചിത്രകാരന്മാർ നിറംപിടിപ്പിച്ച ഇവയുടെ ഭീമാകാരരൂപങ്ങളെ വരയ്ക്കാനും തുടങ്ങിയിരുന്നു. ഇതെല്ലാം കൂടിച്ചേർന്നപ്പോൾ ലോക് നെസ് തടാകത്തിലെ ഭീകരസത്വം തികച്ചും യഥാതഥമായി ജനങ്ങൾ കരുതിയിരിക്കണം. ലോക്നെസ് ഭീകരനെ കഥാപാത്രമാക്കിയും ഉപകഥാപാത്രമാക്കിയും ചില സിനിമകളും പുറത്തിറങ്ങിയിട്ടുണ്ട്.



ജിൻസ് കാവാലി






# കാവ്യശോഭയും കതിർക്കനവും

'വിവേകം താനേ വരില്ല.
യത്നിക്കണം, ധാരാളം വായിക്കണം.'

– ശ്രീനാരായണഗുരു

നിരൂപണത്തിന് നിലാവിന്റെ ഭംഗിയും ആഴിയുടെ ആഴവും പകരുന്ന എഴുത്തുകാരനാണ് സജയ് കെ വി. അർഥരഹിതമായ ഒരു വാക്കോ വാചകമോ ഈ നിരൂപകൻ എഴുതാറില്ല. ഇന്നിന്റെ എഴുത്തിനെ, സമകാലഭാഷാവഴികളെ കഴിഞ്ഞ കാലത്തോടും കാത്തിരിക്കുന്ന കാലത്തോടും ചേർത്തുവച്ചുകൊണ്ട് കാവ്യഭംഗിയോടെ സജയ് വിവരിക്കുമ്പോൾ വായനക്കാരനത് അറിവും അനുഭൂതിയും സമാസമം ചാലിച്ച അക്ഷരവിരുന്നായിത്തീരുന്നു. ഭാഷയിൽ രമിച്ചും ലയിച്ചും അദ്ദേഹം എഴുതിയ നിരൂപണലേഖനങ്ങളുടെ സമാഹാരമാണ് 'അടക്കവും അനക്കവും'.

കുമാരനാശാൻമുതൽ ബാലചന്ദ്രൻ ചുള്ളിക്കാടുവരെയുള്ള കവികളും എം.ടി. വാസുദേവൻനായർ മുതൽ പി.എഫ്. മാത്യൂസും എസ്. ഹരീഷുംവരെയുള്ള കഥാകാരന്മാരും ഇദ്ദേഹത്തിന്റെ നിരൂപണവഴികളിൽ കടന്നുവരുന്നുണ്ട്. ഇവരുടെയെല്ലാം രചനാലോകങ്ങളെക്കുറിച്ച് അകക്കാമ്പുള്ളതും അകംപൊള്ളയായതുമായ ധാരാളം പഠനങ്ങൾ വന്നിട്ടുണ്ടെന്നു നമുക്കറിയാം. എന്നാൽ, അവയുടെയൊന്നും പകർത്തെഴുത്തോ പുനരാവിഷ്കാരമോ ആകുന്നില്ല എന്നതാണ് സജയ് കെ.വിയുടെ രചനകൾ സമകാലികനിരൂപണലോകത്ത് അനവധി അംഗീകാരങ്ങൾ നേടുന്നതിനുള്ള പ്രധാന കാരണം. മറ്റാരും എഴുതിയതല്ല അയാൾ എഴുതുന്നത്, അയാൾ എഴുതുന്നതാവട്ടെ മറ്റാർക്കും എളുപ്പത്തിൽ എഴുതാനാവുന്നതുമല്ല.

'നിങ്ങളല്ലാതെ മറ്റാരെങ്കിലും പറഞ്ഞിരിക്കാൻ ഇടയുള്ളതു പറയാതിരിക്കൂ. നിങ്ങളല്ലാതെ മറ്റാരെങ്കിലും ചെയ്തിരിക്കാനിടയുള്ളത് ചെയ്യാതിരിക്കൂ. നിങ്ങളിലല്ലാതെ മറ്റാരിലുമില്ലാത്ത അംശങ്ങളിൽമാത്രം താത്പര്യം കാണിക്കൂ. ക്ഷമയോടുകൂടിയോ അക്ഷമയോടുകൂടിയോ നിങ്ങളിലുള്ള അനാദൃശങ്ങളായ സത്തകളെ സൃഷ്ടിച്ചെടുക്കൂ. മറ്റെങ്ങോട്ടും വഴിതെറ്റാതിരിക്കൂ.' ആന്ദ്രേ ഷീദിന്റെ ഈ വാക്കുകളെ തന്റെ രചനാലോകത്തു കൃത്യമായി പിന്തുടരുന്നു സജയ് കെ.വി.

ആശാന്റെ കവിതകളുടെ കടലാഴം അറിഞ്ഞിട്ടുള്ള ഈ നിരൂപകൻ ഒരു നേർത്ത നെടുവീർപ്പിൽ ആരംഭിച്ച് ഭൂചലനംപോലെ ഭീമമായ ഒരു ആന്തരികചലനത്തിലാണ് നളിനീകാവ്യം അവസാനിക്കുന്നതെന്ന് നിരീക്ഷിക്കുന്നുണ്ട്. മനുഷ്യവൈകാരികതയുടെ അഗോചരതലങ്ങളിൽ സംഭവിക്കുന്ന ശലഭപ്രഭാവത്തിന്റെ (Butterfly effect) അതിസൂക്ഷ്മചലനമായും അദ്ദേഹം നളിനിയെ വായിച്ചെടുക്കുന്നു.

വൈലോപ്പിള്ളിയുടെ കാവ്യലോകത്തെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന സജയ് ആ കവിതകളുടെ അടിസ്ഥാന രസം കയ്പാണെന്നു കണ്ടെത്തുന്നുണ്ട്.

'മഞ്ഞത്തെച്ചിപ്പൂങ്കുലപോലെ മഞ്ജിമ വിടരും പുലർകാലങ്ങളും', 'നീലാരണ്യനിചോളനിവേഷ്ടിത നീഹാരാർദ്രമഹാദ്രികളും' നിറഞ്ഞ കവിത, 'തുംഗമാം മീനച്ചൂടിനും', 'ചൂളയിൽനിന്നെന്നപോലടിക്കും പൊടിക്കാറ്റിനും' വഴിമാറിയത് വൈലോപ്പിള്ളിയുടെ കടന്നുവരവോടെയാണ്. അദ്ദേഹത്തിൽ സ്വപ്നാത്മകതയുടെ മൂടൽമഞ്ഞ് ഒഴിഞ്ഞുപോയി. അതോടെ ജീവിതദൃശ്യങ്ങൾ കൂടുതൽ നഗ്നവും നിശിതവും തീക്ഷ്ണവുമായി മാറി. കവിയെന്നാൽ മന്ദോഷ്ണമായ ജീവിതഋതുക്കളിൽമാത്രം പുലരുന്ന പക്ഷിയാണെന്ന ധാരണ ഭഞ്ജിക്കപ്പെട്ടു. ഇതോടൊപ്പംതന്നെ ജീവിതത്തെ കൂരിരുട്ടായിക്കാണുന്ന കവിയല്ല വൈലോപ്പിള്ളിയെന്നും വൈരൂപ്യത്തിൽനിന്നു സൗന്ദര്യത്തിലേക്കും വിഷാദത്തിൽനിന്നു പ്രസാദത്തിലേക്കുമുള്ള വിസ്മയകരമായ ആകസ്മികപരിണാമം ആ കവിതകളിൽ കാണാമെന്നും സജയ് ഓർമിപ്പിക്കുന്നുമുണ്ട്. ഇരുളിന്റെ ഇടനാഴിയിലൂടെ നടന്ന് ക്രമേണ വെളിച്ചത്തിലേക്ക് എത്തുന്ന, കഠിനമായ നിരാശയിലും ഏകാന്തതയിലും പ്രത്യാശയുടെ ദീപനാളം ജ്വലിപ്പിച്ചുനിർത്തുന്ന ജീവിതസമീപനം വൈലോപ്പിള്ളിയിൽ കാണാം. ആ ജീവിതസമീപനത്തിന്റെ രൂപകഭാഷയിലുള്ള ആവിഷ്കാരമായി അദ്ദേഹം 'വിഷുക്കണി'യെ ഉദാഹരിക്കുന്നു.

ജീവിതംതന്നെ ഒരു നിരന്തരയാതനയായിരിക്കുന്ന കേവലമനുഷ്യന്റെ വേവലാതിയെക്കുറിച്ചെഴുതാനാണ് തന്റെ കാവ്യജീവിതത്തിൽ ഉടനീളം അക്കിത്തം ശ്രമിച്ചതെന്ന് ആ കാവ്യലോകത്തെ മുൻനിർത്തി സജയ് നിരീക്ഷിക്കുന്നുണ്ട്. ചുറ്റുമുള്ളവരുടെ ദുഃഖം ആത്മദുഖം തന്നെയായിരുന്നു അദ്ദേഹത്തിന്. അതിനാൽ, അക്കിത്തത്തിന്റെ കവിതകളിൽ മറ്റൊരു കവിയിലും ഇല്ലാത്തതുപോലെ മനുഷ്യന്റെ വിയർപ്പ് എന്ന അകാല്പനികരൂപകം നിറഞ്ഞുനിൽക്കുന്നു. തീരെ പകിട്ടുകുറഞ്ഞതാണ് അക്കിത്തം കവിതയുടെ ഭാഷാശരീരം. ചർക്കയിൽ നൂറ്റെടുത്ത ഖദർത്തുണിയുടെ പരുക്കൻമേനിയാണതിന്. എന്നാൽ, മലയാളകവിതയുടെ ചരിത്രത്തിലെതന്നെ മുന്തിയ ഈടുവയ്പ്പുകളിൽ ഒന്നാണ് പരുക്കൻമേനിയുള്ള ഈ പവിത്രവസ്ത്രം എന്നും സജയ് എഴുതുന്നു.

ഭാഷയെ വൈദ്യുതീകരിച്ച കവി എന്നാണ് ബാലചന്ദ്രൻ ചുള്ളിക്കാടിനെ ഈ നിരൂപകൻ വിശേഷിപ്പിക്കുന്നത്. ചങ്ങമ്പുഴയുടെയും ഇടപ്പള്ളിയുടെയും കാല്പനികകാലത്തിനുശേഷം പരാജിതന്റെയും ഭ്രഷ്ടന്റെയും ഭഗ്നവാങ്മയമായി മലയാളകവിത മാറുന്നത് ചുള്ളിക്കാടിലാണ് എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. തീവ്രവൈകാരികതയുടെ വൈദ്യുതി പായുന്ന ഒരു കാവ്യഭാഷയും അതിനൊത്ത പദയോജനകളും സൃഷ്ടിക്കാൻ ചുള്ളിക്കാടിനായി; അതിവൈകാരികതയും അതിനാടകീയതയും ആത്മകേന്ദ്രിതത്വവും അതിന് അകമ്പടി സേവിക്കുമ്പോഴും.

ഇതിഹാസഗരിമയും കാവ്യഭംഗിയുമുള്ള എം.ടി. വാസുദേവൻ നായരുടെ രണ്ടാമൂഴം എന്ന ഇതിഹാസം എപ്രകാരമാണ് ഒരു കുഗ്രാമബാലന്റെ വായനയുടെ തൃഷ്ണകളെ ഗൂഢമായും ഗാഢമായും സ്വാധീനിച്ചതെന്ന് ആത്മവിചാരങ്ങളുടെ വെളിച്ചത്തിൽ നിരൂപകൻ എഴുതുന്നുണ്ട്. ഗദ്യത്തിൽ കവിത രചിക്കുക എന്ന ഗൂഢമോഹത്തെ എന്നും തന്റെ സർഗാത്മകവ്യക്തിത്വത്തിന്റെ അടിസ്ഥാനപ്രേരണകളിൽ ഒന്നായി തിരിച്ചറിയുകയും അതിനെ രഹസ്യമായി ലാളിച്ചുപോരുകയും ചെയ്തിട്ടുള്ള എഴുത്തുകാരനാണ് എം.ടി. ആ രഹസ്യ അഭിലാഷത്തിന്റെ പ്രച്ഛന്നമായ നിറവേറലാവണം രണ്ടാമൂഴത്തിന്റെ രചനയിലൂടെ എം.ടി. സാക്ഷാത്കരിച്ചത് എന്ന് സജയ് കരുതുന്നു.

പി.എഫ്. മാത്യൂസിന്റെ 'ചാവുനിലം' എന്ന നോവലിനെ ഇരുട്ടിന്റെ പുസ്തകം എന്നാണ് ഈ നിരൂപകൻ വിശേഷിപ്പിക്കുന്നത്. 'കറുത്തു കൊഴുത്ത പശിമയുള്ള ഒരു വിഷദ്രാവകം മെല്ലെ ഒഴുകിപ്പരക്കുന്നതുപോലെയാണ് നോവലിന്റെ ആഖ്യാനം മുന്നോട്ടു നീങ്ങുന്നത്. പാപവും തിന്മയുമാണ് പ്രമേയകേന്ദ്രം എന്നതുകൊണ്ടു മാത്രമല്ല അങ്ങനെ തോന്നുന്നത്. ആഖ്യാനാംശങ്ങൾ തമ്മിലുള്ള ഇഴുകലിന്റെയും ആഖ്യാനസന്ദർഭങ്ങൾക്കിടയിലെ വഴുതലിന്റെയും ഭാഷാനുഭവം സൃഷ്ടിച്ചുകൊണ്ടാണ് നോവലിസ്റ്റ് ഈ പ്രതീതി സൃഷ്ടിക്കുന്നതെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

എസ്. ഹരീഷിന്റെ രസവിദ്യയുടെ ചരിത്രം, മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ എന്നീ കഥകളെ മുൻനിർത്തിക്കൊണ്ട്, ഇരുകഥകളിലുമുള്ള ശ്രീനാരായണഗുരുവിന്റെ ദീപ്തസാന്നിധ്യത്തെ വിമർശാനാത്മകമായി വിശകലനം ചെയ്യുന്നുണ്ട് സജയ് കെ.വി. നവോത്ഥാനത്തിന്റെ ദീപ്തവർഷങ്ങളിലേക്ക് മലയാളി ആകുലതയോടെ തിരിഞ്ഞുനോക്കുന്ന സവിശേഷചരിത്രസന്ദർഭത്തിൽ ഈ കഥകൾക്ക് മുഴുവൻമലയാളിയുടെയും ആത്മഗതമായിത്തീരാനുള്ള അധികശേഷിയുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. സമകാലസാഹിത്യത്തിൽ വിശേഷിച്ചും നിരൂപണത്തിൽ താത്പര്യമുള്ളവർ നിശ്ചയമായും വായിച്ചിരിക്കേണ്ട കൃതിയാണ് അടക്കവും അനക്കവും. ഡി സി ബുക്സാണ് പ്രസാധകർ.

■

# നമ്മൾ എന്തേ ഇത്ര ക്രൂരരായി?



സി. ഷീൻ മരിയ
CHF

**നാ**ടിന്റെ സാംസ്കാരികത്തനിമയുടെ ഉരകല്ലായി പരിണമിക്കേണ്ട കലാലയങ്ങളിൽ ചിലതെങ്കിലും ദുഷ്ടതയുടെ പര്യായങ്ങളായി മാറുന്നുവെന്ന ഹൃദയം തകർക്കുന്ന സത്യം സമൂഹമനസാക്ഷിക്കു മുമ്പിലെത്തിയത് ഏതാനും ദിവസങ്ങൾക്കു മുമ്പ് നമ്മുടെ സംസ്ഥാനത്ത് അരങ്ങേറിയ ക്രൂരമായ റാഗിങ് വാർത്തകളിലൂടെയാണ്. മൃഗീയമായി, കൊടുംക്രൂരമായി, ജീവനുള്ള മനുഷ്യമാംസത്തിൽ മുറിവുകളുണ്ടാക്കി അതുംകണ്ട് ആസ്വദിക്കുന്ന ഒരു കൂട്ടം കിരാതന്മാർ. മനുഷ്യമനഃസാക്ഷി മരവിച്ചുപോയതിന്റെ നിസ്തർക്കലക്ഷണങ്ങളാണിതെല്ലാം. കോമ്പസും ഡിവൈഡറും പേനക്കത്തിയും മറ്റും വച്ചുണ്ടാക്കുന്ന മുറിപ്പാടുകൾ ഏതൊരു മനുഷ്യന്റെയും ഹൃദയമിടിപ്പ് വർദ്ധിപ്പിക്കും. പീഡനമേറ്റവർക്കുമുണ്ട് സ്നേഹത്തോടെ വീട്ടിൽ കാത്തിരിക്കുന്ന മാതാപിതാക്കളും സഹോദരങ്ങളും. മക്കളുടെ വിളി കേൾക്കാനും സുഖവിവരം അറിയാനും കാത്തിരിക്കുന്നവർ. സ്വന്തപ്പെട്ടവർ മുറിവേല്പിക്കപ്പെടുമ്പോൾ മനംനീറി കരയുന്നവർ, രോഷാകുലരാകുന്നവർ.




മാധ്യമവാർത്തകളിൽനിന്നു റാഗിങ് വിവരം അറിഞ്ഞതിനുശേഷം പ്രാർഥനയോടെ ഈശോയുടെ അടുത്തിരുന്നപ്പോൾ ഈശോ കുരിശിൽ കിടന്ന് എന്നോടു പറയുന്നതായി തോന്നി: രണ്ടായിരം വർഷം മുമ്പ് എന്നെയും അവർ പീഡിപ്പിച്ചു. കോമ്പസിനും ഡിവൈഡറിനും പകരമായി ചാട്ടവാറും കുന്തവും മുൾമുടിയും ആണിയും എല്ലാം അവർ ഉപയോഗിച്ചു. ശരീരത്തിൽനിന്നു മാംസവും രക്തവും ചിതറുന്നതുകണ്ട് അവർ ആർത്തട്ടഹസിച്ചുകൊണ്ട് പരിഹാസത്തോടെ നോക്കിനിന്നു. മുറിവേറ്റ ശരീരം വലിച്ചുകൊണ്ടുപോയി ഭാരമുള്ള കുരിശ് തോളിൽവച്ച് മലകയറ്റി. ഇടയ്ക്കു കുരിശുമായി വീഴുമ്പോൾ അടിച്ചെഴുന്നേല്പിച്ചു. രക്തം ധാരയായി ഒഴുകുന്നതുമൂലം കണ്ണുപോലും കാണാൻ വയ്യാതായി. ശരീരത്തിലെ ഓരോ അവയവങ്ങളും കുത്തിപ്പൊട്ടിച്ചും തല്ലിത്തകർത്തും അവർ സന്തോഷിച്ചു. അവസാനശ്വാസം വരെ അവർ മർദ്ദിച്ചു. മരിച്ചുകഴിഞ്ഞിട്ടും ചങ്കിൽ കുന്തം കൊണ്ടു കുത്തി. സ്വന്തം അമ്മയും പ്രിയപ്പെട്ടവരും നോക്കിനിൽക്കെയാണ് അവരുടെ ക്രൂരമർദനങ്ങൾ.

അവൻ സഹിച്ചത് നമുക്കു വേണ്ടിയായിരുന്നു. ഇനി ജനിക്കാൻ പോകുന്ന കുഞ്ഞിനും കൂടി അവൻ രക്ഷനേടിത്തന്നു. അതും സ്വന്തം ജീവൻ ബലികഴിച്ചുകൊണ്ട്, തന്നെ ക്രൂശിച്ചവരോടു നിരുപാധികം ക്ഷമിച്ചുകൊണ്ട്, അവർക്കായി പ്രാർഥിച്ചുകൊണ്ട്. ക്രൂശിതനായ ഈശോയേ, ജീവിതത്തിലെ സഹനങ്ങളും കുരിശുകളും ആത്മാക്കളുടെ രക്ഷയ്ക്കായി സമർപ്പിക്കാൻ കൃപ തരണമേ. ഇന്നു ലോകത്തിൽ നടക്കുന്ന കൊടുംക്രൂരതകൾക്കു മാപ്പേകണമേ. മനഃസാക്ഷി മരവിച്ച മനുഷ്യർക്ക് സ്നേഹത്തിന്റെ ഊഷ്മളത നൽകണമേ.

'അവിടുന്ന് നമ്മെ സ്നേഹിച്ചു' എന്ന ചാക്രികലേഖനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ കുറിക്കുന്നത് ഇപ്രകാരമാണ്: ഈശോയാണ് ആദ്യം നമ്മെ സ്നേഹിച്ചത്. കുത്തിത്തുറക്കപ്പെട്ട അവന്റെ ഹൃദയം വ്യവസ്ഥകളൊന്നുമില്ലാതെ നമ്മെ സ്നേഹിക്കുന്നു. നമുക്കായി കാത്തിരിക്കുന്നു.

Deepanalam Weekly

RNI No : 16998/68
Vol. 58 No. 2 Date of Publication 6 March 2025
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org